ജനവരി 2022 ₹ 10.00

# ചിന്ത

## Chintha Pusthakavartha

## പുസ്തകവാർത്ത



പെരുമ്പടവം

സി വി ബാലകൃഷ്ണൻ

നിൽക്കൂ ശ്രദ്ധിക്കൂ
ജസ്റ്റിസ് കെ ചന്ദ്രു

അതിവേഗ പാതയുടെ രാഷ്ട്രീയം
ടി എം തോമസ് ഐസക്

വെറുപ്പിന്റെ ശരീര ശാസ്ത്രം
രേവതി ലോൾ

ചിന്ത പുസ്തകോത്സവത്തിൽ റെക്കോർഡ് വിൽപ്പന

# പ്രണയത്തിന്റെ ഋതുഭേദങ്ങൾ

ഏറ്റവും പുതിയ കഥകൾ • നോവലുകൾ • പഠനങ്ങൾ



Chintha WINTER
BOOK
FESTIVAL
ഫെബ്രുവരി 1 മുതൽ 14 വരെ
പുതിയ പുസ്തകങ്ങളുടെ പുസ്തകോത്സവം
എല്ലാ ദേശാഭിമാനി ബുക്ക്ഹൗസുകളിലും
പുതിയ പുസ്തകങ്ങൾക്ക് ആകർഷകമായ വിലക്കുറവ്
FREDRIC JAMESON
ഫ്രഡറിക് ജെയിംസൺ
സുധാകരൻ സി ബി
വാക്കുകൾ കേൾക്കാൻ ഒരു കാലം വരും
മധുപാൽ
ദൈവനാമത്തിൽ
സി പി നായർ
രാവുണ്ണി
കാവ്യ ക്കേച്ചർ
സി വി ബാലകൃഷ്ണൻ
എഡ്വിൻ പോൾ
തേവാരം
പെരുമ്പടവം
ഇലയും പുകയിലയും
നടന്നുതീർന്ന വഴികൾ
പയ്യന്നൂർ കുഞ്ഞിരാമൻ
ആരോടും
പരിഭവലേശമില്ലാതെ
ടി ആർ അജയൻ
AFGHANISTAN
അഫ്ഗാനിസ്ഥാൻ
ഡോ. ജോർജ് കെ അലക്സ്
ചിത്രായനം
അനന്യ ജി
ബിഗ് ലീപ്
സാബു ജോസ്

# ചിന്ത പുസ്തകവാർത്ത

പുസ്തകം 25 • ലക്കം 1 • ജനുവരി 2022


ചിന്തയ്ക്കൊപ്പം
ചിന്തിക്കുക

## ഉള്ളടക്കം


05 അതിവേഗപ്പാതയുടെ രാഷ്ട്രീയം
ടി എം തോമസ് ഐസക്

08 വെറുപ്പിന്റെ ശരീരശാസ്ത്രം
രേവതി ലോൾ

12 നിൽക്കുക ശ്രദ്ധിക്കുക
ജസ്റ്റിസ് കെ ചന്ദ്രു

14 ചാന്ദ്രയാത്രയുടെ അമ്പതാണ്ടുകൾ
സാബു ജോസ്

18 നേതാജി സുഭാഷ് ചന്ദ്രബോസ്
ഡോ. വിനി എ

20 കവിത ശ്രീവാസ്തവ രാജസ്ഥാനിൽ നിന്നൊരു തീപ്പൊരി
കെ രമ, പി കെ ശിവദാസ്, കെ അനശ്വര

25 ഇ എം എസ് അടയാളങ്ങൾ


കവർ ചിത്രം:
വിനോദ് മാങ്കോസ്

## എഡിറ്റോറിയൽ



ജസ്റ്റിസ് കെ ചന്ദ്രു

“ഇന്ത്യയിൽ ഹൈക്കോടതികൾ വന്നിട്ട് നൂറ്റിയമ്പത് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഐക്യരാഷ്ട്ര സഭ 1975 നെ ഇന്റർനാഷണൽ ഇയർ ഓഫ് വിമെൻ ആയി പ്രഖ്യാപിച്ചതിനുശേഷം മാത്രമാണ് സ്ത്രീകൾ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടി കോടതിയെ സമീപിക്കാൻ തുടങ്ങിയതുതന്നെ. സ്ത്രീകൾ സ്വയരക്ഷയ്ക്കായി നിയമത്തെ തേടിച്ചെന്നു തുടങ്ങിയതോടെ സ്ത്രീകൾക്കെതിരെയുണ്ടായിക്കൊണ്ടിരുന്ന സാമൂഹിക തിന്മകൾ കൂടുതൽ കൂടുതൽ വെളിപ്പെടാൻ തുടങ്ങി.”

“സാധാരണക്കാർക്കും ധൃതിയുണ്ട്. അവരുടെ സമയത്തിനും വിലയുണ്ട്. അതുകൊണ്ട് വേഗത്തിൽ യാത്ര ചെയ്യുക എന്നത് അവരുടെ കൂടി ആവശ്യമാണ്. മുകളിലേക്ക് ഉയരുംതോറും സമയത്തിന്റെ വിലയും കൂടും. വേഗതയിലുള്ള യാത്ര ആവശ്യമുള്ളവരുടെ എണ്ണവും കൂടും. ഇത്തരത്തിലുള്ള ആവശ്യക്കാരുടെ എണ്ണം നിരന്തരം കൂടിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് കേരളത്തിലേത്. ഈ തിരിച്ചറിവ് കെറെയിൽ വിമർശകർക്കില്ല.”



ഡോ. ടി എം തോമസ് ഐസക്



ഇ എം എസ്

“നമ്പൂതിരിസ്ത്രീകൾ നടത്തിയ ഘോഷാ ബഹിഷ്കരണം ഞങ്ങളിൽ ചിലർ ഒരു ദിവസം പ്രകടനപരമായി നടത്തിയ 'പൂണൂൽ പൊട്ടിക്കലി'നെക്കാൾ ഫലപ്രദമായാണ് കലാശിച്ചത്. എന്തുകൊണ്ടെന്നാൽ, അന്ന് പൂണൂൽ പൊട്ടിച്ചവർ പിന്നെയും അതിട്ടുനടന്നു; ഘോഷ ബഹിഷ്കരിച്ചവരാകട്ടെ, പിന്നീടൊരിക്കലും ഘോഷാസമ്പ്രദായത്തിലേക്ക് തിരികെപ്പോയില്ല. അത് കഴിഞ്ഞ് മൂന്ന് വ്യാഴവട്ടത്തിനുശേഷം ഇന്നാകട്ടെ, സ്വന്തം നാട്ടിലിരിക്കുമ്പോൾ പൂണൂലിടാത്ത നമ്പൂതിരി കുറവാണ്; ഘോഷയില്ലാതെ നടക്കുന്ന നമ്പൂതിരി സ്ത്രീകൾ ധാരാളവും.”


**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ,
കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ,
തിരുവനന്തപുരം – 695035 (p) 0471 2303026
(e) chinthapublishers@gmail.com
(w) www.chinthapublishers.com

# എഡിറ്റോറിയൽ

# ചലനാത്മകതയും വികസനവും

**ലോ**കത്തിന്റെ മുഖച്ഛായ മാറ്റിയ കണ്ടുപിടുത്തങ്ങളിൽ ഏറ്റവും സുപ്രധാനമായതേത് എന്നൊരു ചോദ്യത്തിന് ഒറ്റ വാക്കിൽ നമുക്ക പറയാവുന്ന ഉത്തരം ചക്രം എന്നതായിരിക്കും.

നായാടിയായി നടന്ന മനുഷ്യനെ ലോകത്തെല്ലായിടത്തും എത്തിക്കുവാനും കൂട്ട കൂട്ടുവാനും സഹായിച്ച ഏറ്റവും പ്രധാനപ്പെട്ട കണ്ടുപിടുത്തം ചക്രവും അതിനെ അടിസ്ഥാനമാക്കി നിർമിക്കപ്പെട്ട യാത്രാ സംവിധാനങ്ങളുമായിരുന്നു. ദൂരത്തെയും സമയത്തെയും കീഴടക്കാനുള്ള ആ പരിശ്രമങ്ങളാണ് മനുഷ്യനെ ഇന്നത്തെ രൂപത്തിലെത്തിച്ചത്. ഇന്നും അത് അനസ്യൂതം തുടരുകയാണ്.

ചരക്കുകൾക്കും അധ്വാനശക്തിക്കും വേഗത്തിൽ എത്തിപ്പെടാനാവുന്ന പ്രദേശങ്ങൾ അതിവേഗം വികസിക്കപ്പെടുന്ന കാഴ്ച ഒന്ന് പിന്തിരിഞ്ഞു നോക്കിയാൽ നമുക്കെവിടെയും കണ്ടെത്താനാവും. ആദ്യകാലത്തെ ലോകത്തിലെ പ്രധാനപ്പെട്ട വികസിത പ്രദേശങ്ങളെല്ലാം തന്നെ പോർട്ട് സിറ്റികളായത് അങ്ങിനെയാണ്. 150 വർഷങ്ങൾക്കു മുൻപ് 8 നിലകളിലുള്ള ട്യൂബ് റെയിൽ ലണ്ടൻ നഗരത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നു എന്നത് അതിശയത്തോടുകൂടിയേ നമുക്ക് മനസിലാക്കാനാവൂ. ആധുനിക ചൈന ദാരിദ്ര്യത്തെ നിർമാർജനം ചെയ്തത് അതിവിസ്തൃതമായ ആ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളെ കോർത്തിണക്കുന്ന അതിവേഗ യാത്രാ മാർഗങ്ങൾ ഉപയോഗപ്പെടുത്തി തൊഴിൽ ശക്തിക്ക് എവിടേക്കും വേഗത്തിൽ എത്തിച്ചേരാനാവും എന്ന് ഉറപ്പു വരുത്തിക്കൊണ്ടാണ്. റെയിൽ നെറ്റ് വർക്കുകളുടെ വികസനത്തെ വാഹന ഉല്പാദന കുത്തകകളുടെ താല്പര്യാർത്ഥം ബോധപൂർവം തടസപ്പെടുത്തിയത് ആഗോളമായി അമേരിക്കയുടെ തൊഴിൽ ശക്തിയുടെ മത്സരാത്മകത കുറച്ചു എന്നും പഠനങ്ങളുണ്ട്.

അതിവേഗ സഞ്ചാര പാതകൾ,റോഡായാലും റെയിൽ ആയാലും, ലോകത്തെല്ലായിടത്തും ആസൂത്രണം ചെയ്യപ്പെടുകയും നടപ്പിലാക്കുകയും ചെയ്യുന്നത് ഇത്തരം അനുഭവങ്ങളെക്കൂടി മുന്നിൽ കണ്ടുകൊണ്ടാണ്. കെ റെയിൽ വിസ്മയത്തിന്റെ ഒരു കെട്ടുകഥയോ വെറുമൊരു സ്വപ്നമോ അല്ലാതാകുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. ഒട്ടേറെ സംവാദങ്ങൾ ഇതുമായി ബന്ധപ്പെട്ടു ഇന്ന് നടന്നു വരുന്നുണ്ട്. രാഷ്ട്രീയ സംവാദങ്ങളെ ഇഷ്ടപ്പെടുന്ന മനസ്സാണ് മലയാളിയുടേത്. ആഴത്തിൽ വേരോടിയിട്ടുള്ള നമ്മുടെ ജനാധിപത്യ ബോധത്തിന്റെ ഉത്പന്നം കൂടിയാണത്. യാഥാർഥ്യങ്ങളെ പുറത്തു കൊണ്ടുവരുവാൻ സഹായിക്കുന്ന എല്ലാ സംവാദങ്ങളും സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. മുഖം മൂടിയിട്ടു വരുന്ന നിക്ഷിപ്ത താല്പര്യങ്ങളെ ഇക്കൂട്ടത്തിൽ തിരിച്ചറിയേണ്ടതുണ്ട് എന്നുമാത്രം.

വികസന പദ്ധതികളും പരിസ്ഥിതിയും സംബന്ധിച്ചുള്ള സംഘർഷങ്ങൾ എല്ലാ വൻകിട പശ്ചാത്തല വികസന പദ്ധതികളുമായും ബന്ധപ്പെട്ട് ചർച്ചയ്ക്ക് വിധേയമാകാറുണ്ട്. പട്ടിണിയും തൊഴിലില്ലായ്മയും കൊണ്ട് പൊറുതിമുട്ടുന്ന അവികസിത രാജ്യങ്ങൾക്ക് വൻകിട വികസന പദ്ധതികൾ ഒഴിവാക്കിക്കൊണ്ട് മുന്നോട്ടു പോകാനാകില്ല എന്ന യാഥാർഥ്യത്തെ നമുക്ക് ഉൾകൊള്ളാതിരിക്കാനാവില്ല. അതേ സമയം ഓരോ പദ്ധതിയും നടപ്പിലാക്കപ്പെടുന്നത് അതിന്റെ സാമൂഹിക പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ കൂടി വിലയിരുത്തിക്കൊണ്ടാകണം.

ഗ്രാമങ്ങളിലെ തൊഴിൽ രഹിത സാഹചര്യം മറികടക്കാൻ പട്ടണങ്ങളിലേക്കുള്ള കുടിയേറ്റം ഇന്ന് എല്ലാ മൂന്നാം ലോക രാഷ്ട്രങ്ങളിലെയും നിത്യ കാഴ്ചയാണ്. ജനിച്ച വീടും നാടും വിട്ട് മഹാനഗരങ്ങളിലെ ചേരികളിലടിയുന്ന മനുഷ്യന്റെ ചിത്രം ഏറ്റവും ദയനീയമായ ഒന്നാണ്. ശക്തമായ യാത്രാ സംവിധാനങ്ങൾക്ക് വികസനത്തിന്റെ അമിത കേന്ദ്രീകരണം ഒഴിവാക്കാനും ഈ ദുരവസ്ഥയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാനുമാകും. ഇത്തരത്തിൽ ആഴമേറിയ വിശകലനങ്ങളെ അടിസ്ഥാനമാക്കിയാവണം വികസന സംവാദങ്ങൾ നടക്കേണ്ടത്. നിക്ഷിപ്തവും സങ്കുചിതവുമായ താല്പര്യങ്ങളാകരുത് ഇവിടെ നമ്മളെ നയിക്കേണ്ടത്. •

# അതിവേഗപ്പാതയുടെ രാഷ്ട്രീയം

**ഡോ. ടി എം തോമസ് ഐസക്**




**വേ**ഗത കൂടിയ പബ്ലിക് റെയിൽ ട്രാൻസ്പോർട്ട് സംവിധാനം ലോകത്ത് ഏതാണ്ട് എല്ലാ പ്രധാന രാജ്യങ്ങളിലും ഇന്ന് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഇന്ന ലോകത്ത് 45000 കിലോ മീറ്റർ അർദ്ധഅതിവേഗത റെയിൽപ്പാളങ്ങളുണ്ട്. ഇനിയും അവയുടെ നീളം ഗണ്യമായി വർദ്ധിക്കുമെന്ന തീർച്ചയാണ്. ഇന്നത്തെ കാലാവസ്ഥാ വ്യതിയാനത്തിന്റെ വീക്ഷണകോണിൽ നിന്ന നോക്കുമ്പോൾ ഇത് അഭികാമ്യമാണെന്നാണ് ഈ ഗ്രന്ഥത്തിലെ പ്രധാന വാദങ്ങളിലൊന്ന്. ഇത്തരത്തിലുള്ള അതിവേഗ പാതകൊണ്ട് ഒരു രാജ്യവും തകർന്നിട്ടില്ലായെന്ന മാത്രമല്ല, അവയുടെ വളർച്ചയിൽ ഇവ ഉത്തേജകവുമായിത്തീർന്നിട്ടുണ്ട്. ഈ ആഗോള അനുഭവത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്താം.

### ജപ്പാൻ: തുടക്കക്കാരൻ

ഹൈസ്പീഡ് റെയിലിന്റെ തുടക്കം ജപ്പാനിലായിരുന്നു. 1964ൽ ആദ്യത്തെ ഒസാക്കയിൽ നിന്നും ടോക്കിയോയിലേക്ക് ബുള്ളറ്റ് ട്രെയിൻ ജപ്പാൻകാരുടെ ഭാഷയിൽ ഷിൻകാൻസെൻ കമ്മീഷൻ ചെയ്യപ്പെട്ടു. 50കളുടെ ആദ്യം ചർച്ചകൾ തുടങ്ങിക്കാണണം. ഏതായാലും അഞ്ചു വർഷംകൊണ്ട് നിർമ്മാണം പൂർത്തീകരിച്ചു.

1945 ൽ രണ്ടാം ലോകമഹായുദ്ധത്തിൽ തോറ്റ് ആറ്റം ബോംബുകളാൽ ആക്രമിക്കപ്പെട്ട് ശരീരംകൊണ്ടും മനസുകൊണ്ടും സാമ്പത്തികമായും തകർന്ന നിൽക്കുന്ന ജനത. യുദ്ധത്തിൽ തകർന്ന ജപ്പാൻ സമ്പൂർണ്ണമായും പാപ്പരായിരുന്നു. ഇന്നത്തെ കേരളീയന്റെ പ്രതിശീർഷ വരുമാനത്തേക്കാൾ താഴെയായിരുന്ന അന്നത്തെ ജപ്പാൻകാരന്റെ വരുമാനം. സാമ്പത്തിക തകർച്ചയിൽ നിന്ന കരകയറുന്നതിന് ഉത്തേജകമായി പശ്ചാത്തലസൗകര്യ വികസനത്തിനാണ് ജപ്പാൻ സർക്കാർ മുൻകൈയെടുത്തത്. അമേരിക്കയിലേയും ജർമ്മനിയിലേയും പോലെ ഭീമൻ എക്സ്പ്രസ് ഹൈവേകൾ പണിയുന്നതിന പകരം അവർ ബുള്ളറ്റ് ട്രെയിൻ പണിയാൻ തീരുമാനിച്ചു. ഒസാകയും ടോക്കിയോയും തമ്മിലുള്ള പാതയിൽ ഇപ്പോൾ മണിക്കൂറിൽ പതിനേഴ് ട്രെയിനുകളാണ് ഓടുന്നത്. ഏകദേശം മൂന്നര മിനിറ്റിൽ ഒന്ന് വീതം.

ഇന്ന് ജപ്പാന്റെ 22 പ്രധാനപ്പെട്ട പട്ടണങ്ങളെയും ബുള്ളറ്റ് ട്രെയിനുകൾകൊണ്ട് ബന്ധിപ്പിച്ചിരിക്കുന്നു. ഒരു ശരാശരി പ്രവൃത്തിദിനം 4.2 കോടി ആളുകളാണ് ഈ ട്രെയിനുകൾ ഉപയോഗിക്കുന്നത്. ഈ 50 വർഷക്കാലത്തിനിടയിൽ ഒരു അപകടമരണംപോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ജപ്പാൻ മുന്നേറിയത് ബുള്ളറ്റ് ട്രെയിൻ കൊണ്ടുമാത്രമാണെന്നല്ല വാദം. ഇതുപോലെ ഒട്ടേറെ നൂതനവും ബൃഹത്തായതുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള തന്റേടം

കാണിച്ചതുകൊണ്ടാണ് ജപ്പാൻ സമ്പദ്ഘടന തകർച്ചയിൽ നിന്ന് കുതിച്ചുയർന്നത്.

## ലോകത്തെ അതിവേഗപാതകളുടെ മൂന്നിൽ രണ്ടും ചൈനയിൽ

ജപ്പാന്റെയും മറ്റും വളർച്ചയെ കടത്തിവെട്ടുന്ന വിസ്മയകരമായ സാമ്പത്തിക വളർച്ചയാണ് ചൈനീസ് സമ്പദ്ഘടന കഴിഞ്ഞ മൂന്നുപതിറ്റാണ്ടായി നേടിയത്. 1989നും 2020നും ഇടയ്ക്ക് ചൈനീസ് സമ്പദ്ഘടന പ്രതിവർഷം 9.27 ശതമാനം വീതമാണ് ഉയർന്നത്. ലോകചരിത്രത്തിൽ ഒരു സമ്പദ്ഘടനയും ഇന്നേവരെ മൂന്നുപതിറ്റാണ്ട് ഈ വേഗതയിൽ വളർന്നിട്ടില്ല. ആഗോള ഉൽപ്പാദനത്തിൽ 1990ൽ ചൈനയുടെ വിഹിതം കേവലം 1.27 ശതമാനം മാത്രമായിരുന്നു. 2020ൽ അത് 18.33 ശതമാനമായി ഉയർന്നു. അമേരിക്കയുടേത് 15.83 ശതമാനവും. ഇന്ത്യയുടേത് 6.8 ശതമാനവും. 2006നുശേഷം ലോകത്തുണ്ടായ സാമ്പത്തിക വളർച്ചയുടെ 30 ശതമാനം ചൈനയിലായിരുന്നു.

ഈ വളർച്ചയുടെ നേട്ടങ്ങൾ സാധാരണ ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനും ചൈന വിജയിച്ചു. കേവലദാരിദ്ര്യം പരിപൂർണ്ണമായിട്ട് തുടച്ചുനീക്കി. 80 കോടി ആളുകളെ ദാരിദ്ര്യത്തിൽ നിന്നു കരകയറ്റി. ആഗോള ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ 75 ശതമാനം ചൈനയിലായിരുന്നുവെന്ന് ലോകബാങ്കുപോലും സമ്മതിച്ചു.47ശതമാനം ജനങ്ങൾ ഇടത്തരക്കാരുടെ ജീവിതനിലവാരത്തിലേക്ക് ഉയർന്നു.

ഈ സാമ്പത്തിക കുതിപ്പിന്റെ പിന്നിൽ ഒട്ടേറെ ഘടകങ്ങളുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് പശ്ചാത്തല സൗകര്യ വികസനത്തിന് ഈ മൂന്നുപതിറ്റാണ്ടിൽ നൽകിയ ഊന്നലാണ്. ദേശീയവരുമാനത്തിന്റെ 43 ശതമാനമാണ് ചൈനയിലെ നിക്ഷേപ നിരക്ക്. എന്നുവച്ചാൽ ചൈനയുടെ ഉൽപ്പാദനത്തിന്റെ ഏതാണ്ട് 60 ശതമാനമേ ഉപഭോഗത്തിനായി ഉപയോഗിക്കുന്നുള്ളൂ. ബാക്കി ഭാവിയിലേയ്ക്കുള്ള സമ്പാദ്യമായും നിക്ഷേപമായും മാറുകയാണ്. പശ്ചാത്തല സൗകര്യങ്ങളിലുള്ള നിക്ഷേപം ദേശീയവരുമാനത്തിന്റെ 5.6 ശതമാനം വരും. ചൈനയാണ് ഇക്കാര്യത്തിൽ ലോകത്ത് ഒന്നാം നമ്പർ. 4.5 ശതമാനം നിക്ഷേപിക്കുന്ന അമേരിക്കയ്ക്ക് രണ്ടാം സ്ഥാനമേയുള്ളൂ.

ഈ നിക്ഷേപം റോഡ്, വൈദ്യുതി, ഡിജിറ്റൽ നെറ്റ് വർക്കിംഗ്, റെയിൽവേ വികസനം എന്നീ മേഖലകളിലാണ് മുഖ്യമായും മുടക്കുന്നത്. വളരെ കാര്യക്ഷമമായ ഗതാഗത, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യങ്ങൾ ഉള്ളതാണ് ചൈനയിലെ ഉൽപ്പാദനച്ചെലവ് കുറയുന്നതിന് ഒരു കാരണം. ചൈനയിൽ ഇന്ന് കുറഞ്ഞ കൂലിയല്ല. കുറഞ്ഞ ചരക്കു കടത്ത് ചെലവും വാർത്താവിനിമയ ചെലവുമാണ് ചൈനയുടെ മുഖ്യ മത്സരശേഷി. ഇതിൽ അതിവേഗ റെയിൽവേപ്പാതകൾക്ക് ഒരു നിർണ്ണായക പങ്കുണ്ട്.

1984ൽ ആദ്യത്തെ മെട്രോ കൽക്കട്ടയിൽ ആരംഭിച്ചതിനു 9 വർഷത്തിന് ശേഷമാണ് ചൈനയിലെ ആദ്യമെട്രോ തുറന്നത്. ഇന്ന് ഷാങ്ഹായ് മെട്രോ ലോകത്തെ ഏറ്റവും വലിയ സബർബൻ മെട്രോ റെയിൽ സംവിധാനമാണ്. ഷാങ്ഹായ് നഗരത്തിന്റെ മെട്രോ ശൃംഖലയുടെ ദൈർഘ്യം 831 കിലോമീറ്ററാണ്. 20 ലൈനുകൾ, 508 റയിൽവേ സ്റ്റേഷനുകൾ,ദിവസേന ഒരു കോടിയിൽ അധികം യാത്രക്കാർ. ഇതാണ് ഷാങ്ഹായ് മെട്രോ സിസ്റ്റം.ലോകത്തിലെ രണ്ടാമത്തെ അർബൻ മെട്രോ സംവിധാനം ബെയ്ജിങ്ങിലാണ്.780 കിലോമീറ്റർ നീളം, 450 സ്റ്റേഷനുകൾ, ഏതാണ്ട് ഒരു കോടിയോളം ദിവസ യാത്രക്കാർ.

ഒരു താരതമ്യം നടത്തിയാൽ ഇന്ത്യയിലെ 13 നഗരങ്ങളിൽ മെട്രോ റെയിൽ സിസ്റ്റം ഉണ്ട്. എല്ലാത്തിനും കൂടി ഓപ്പറേഷനൽ ആയത് നിലവിൽ 660 കിലോമീറ്റർ മാത്രവും. ചൈനയിലെ ഒരു നഗരത്തിന്റെ മെട്രോ സിസ്റ്റത്തിനേക്കാൾ വളരെ കുറവ്.

2008 ലാണ് ബെയ്ജിങ്ങിനും ടിയാൻജിനും ഇടയിൽ ആദ്യത്തെ ഹൈസ്പീഡ് ട്രെയിൻ ഓടിയത്. ആദ്യ ട്രെയിനുകൾ ഇറക്കുമതി ചെയ്യുകയായിരുന്നു. എന്നാൽ ഇന്ന് ചൈനയാണ് ലോകത്തെ വൈദ്യുതി ട്രെയിനുകളുടെ ഏറ്റവും വലിയ കയറ്റുമതിക്കാർ. 1.41 ലക്ഷം കിലോമീറ്റർ റെയിൽവേ ലൈനുകൾ ഉള്ളതിൽ 37900 കിലോമീറ്റർ ഹൈസ്പീഡ് റെയിലാണ്. 2035നുള്ളിൽ അത് 70000 കിലോമീറ്ററാകും.

ഹൈസ്പീഡ് റെയിൽ തീരദേശത്തെ സമ്പന്ന നഗരങ്ങളെ ഉൾനാടുകളുമായി ബന്ധിപ്പിക്കുകയും അസമത്വം കുറയ്ക്കുകയും ചെയ്തു. 2035 ആകുമ്പോൾ രണ്ടുലക്ഷത്തിലേറെ ജനസംഖ്യയുള്ള എല്ലാ പട്ടണങ്ങളെയും ഹൈസ്പീഡ് റെയിലുകൊണ്ട് ബന്ധിപ്പിക്കും. ഹൈസ്പീഡ് റെയിൽ കൊണ്ടുവരുന്ന നാടകീയ മാറ്റങ്ങൾക്ക് ഉദാഹരണമായിട്ട് പലരും ചൂണ്ടിക്കാണിക്കുക ടിബറ്റിലുണ്ടായ സാമ്പത്തിക പുരോഗതിയാണ്. ടിബറ്റിന്റെ വരുമാനം 70 വർഷംകൊണ്ട് 360 മടങ്ങാണ് ഉയർന്നത്.

ചൈനയിലെ ഹൈസ്പീഡ് റെയിൽ ടിക്കറ്റ് ചാർജ്ജ് ലോകത്തെ ഏറ്റവും താഴ്ന്നതാണ്. അതുകൊണ്ട് റെയിൽ കമ്പനികൾ ലാഭമൊന്നും ഉണ്ടാക്കുന്നില്ല. ചൈന റെയിൽ കോർപ്പറേഷൻ എന്ന പൊതുമേഖലാസ്ഥാപനത്തിന്റെ കീഴിലാണ് എല്ലാ റെയിൽവേ ലൈനുകളും. ലാഭമല്ല, പൊതുസമ്പദ്ഘടനയ്ക്ക് നൽകുന്ന പിന്തുണയും അനുകൂല സാമൂഹ്യാഘാതങ്ങളും കണക്കിലെടുത്ത് ഹൈസ്പീഡ് റെയിൽ തങ്ങളുടെ വികസനതന്ത്രത്തിന്റെ അടിസ്ഥാനഭാഗമാക്കി ചൈന മാറ്റിയിരിക്കുന്നു. ഇത്തരമൊരു അനുഭവം ലോകത്ത് മറ്റൊരു രാജ്യത്തിലുമില്ല.

## ഹൈസ്പീഡ് റെയിൽ ഇല്ലാത്ത അമേരിക്ക

ഇന്ന് ഹൈസ്പീഡ് റെയിൽ ഇല്ലാത്ത ഏകപ്രമുഖ രാജ്യം അമേരിക്കയാണ്. ഹൈസ്പീഡ് റെയിൽ ലാഭകരമാവില്ലായെന്നാണ് നിയോലിബറലിസത്തിന്റെ അപ്പോസ്തലൻമാരായ കേറ്റോ ഇൻസ്റ്റിറ്റ്യൂട്ടും മറ്റും വാദിച്ചുവരുന്നത്. ചൈനയുടെ നയത്തിന്റെ വലിയ വിമർശകരാണ് അവർ.


അമേരിക്കൻ ഗതാഗത സമ്പ്രദായത്തിന്റെ ചരിത്രമെടുത്താൽ പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലും റെയിൽവേക്കായിരുന്നു പ്രാധാന്യം. റെയിൽവേ നിർമ്മിച്ചതും നടത്തിയിരുന്നതും സ്വകാര്യ കമ്പനികളായിരുന്നു. അങ്ങനെയിരിക്കെയാണ് ഫോർഡ് മോട്ടോർ വാഹനവുമായി രംഗപ്രവേശനം ചെയ്യുന്നത്. ജനറൽ മോട്ടോഴ്സ് തുടങ്ങിയ ഭീമൻ കാർ നിർമ്മാതാക്കളും ഉയർന്നുവന്നു. ഡെട്രോയിറ്റ് പോലുള്ള പട്ടണങ്ങളുടെ മുഖ്യവ്യവസായം കാർ നിർമ്മാണമായി. കാർ വ്യവസായവുമായി ബന്ധപ്പെട്ട് അതിശക്തമായ ഒരു ലോബി രൂപംകൊണ്ടു. •

(ചിന്ത പ്രസിദ്ധീകരിക്കുന്ന
ടി എം തോമസ് ഐസകിന്റെ
കെ-റെയിൽ എന്ന
ഗ്രന്ഥത്തിൽ നിന്നും)




# സി വി ബാലകൃഷ്ണൻ


## പുതിയ കാലത്തിന്റെ കാഴ്ചകളെയും അനുഭവങ്ങളെയും ചേർത്തുവെക്കുന്ന രചനകൾ.




**എഡ്വിൻ പോൾ**
വില: 160




**പുരുഷാരം**
വില: 470




**ആദ്യകാലം**
വില: 200

ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ
വിപിപി / കൊറിയർ ആയി ലഭ്യമാകുന്നതിനായി
98472 15709 എന്ന വാട്ട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടുക




# വെറുപ്പിന്റെ ശരീരശാസ്ത്രം

## രേവതി ലോൾ

**ര**ണ്ടായിരത്തി രണ്ട് ഫെബ്രുവരി 28 ഒരു തീച്ചൂളയായിരുന്നു. സർവ്വതും സർവ്വരും അതിൽ വീണ് തിളച്ചുരുകി രൂപാന്തരം സംഭവിച്ച് പുറത്തുവന്നു. ഇന്ത്യയുടെ മതേതര മൂശ ഉടച്ചുവാർത്ത് ഹൈന്ദവ രാജ്യമാക്കണമെന്ന ആശയം കുറച്ചുനാൾ അന്തരീക്ഷത്തിലുണ്ടായിരുന്നു. എന്നാൽ ഒരു ദിവസമുണ്ടായ തീവണ്ടി കത്തലിന്റേയും അതേത്തുടർന്നുണ്ടായ ഭ്രാന്തിന്റേയും യാദൃച്ഛികതകൊണ്ട് ഹിന്ദു വലതുപക്ഷത്ത് അണിചേർന്ന് ഈ രാഷ്ട്രീയ ഭൂമികയെ രൂപാന്തരപ്പെടുത്താൻ അതിന്റെ നിശ്ചയദാർഢ്യം കൊണ്ട് മാത്രം സാധിക്കില്ലായിരുന്നു.

കുത്തിയൊലിച്ചുവന്ന വെറുപ്പിന്റെ വേലിയേറ്റത്തെ വർദ്ധിച്ച മനസ്സോടെ സ്വീകരിക്കാൻ 2002 ആകുമ്പോഴേക്കും എന്തോ തരത്തിൽ സുരേഷും ദൻഗറും പ്രണവും രൂപപ്പെട്ടിരുന്നു. പക്ഷേ, അത് അനിവാര്യമായിരുന്നില്ല. 28 ന് രാവിലെ നിരത്തിന്റെ മറുവശത്തുനിന്നൊരു സോഡ കുപ്പികൊണ്ട് സുരേഷിന്റെ സഹോദരന്റെ തലയ്ക്ക് അടിയേറ്റിരുന്നില്ലെങ്കിൽ എന്തുസംഭവിക്കുമായിരുന്നു? ദൻഗറിന്റെ ഗ്രാമത്തിലെ ആ മുസ്ലിം ചെറുപ്പക്കാരൻ ആകാശത്തേക്ക് വെറുതെ വെടിവെച്ച് ആളുകളെ പ്രകോപിച്ചില്ലായിരുന്നുവെങ്കിൽ? പട്ടണത്തിലെ ബാറ്റ ഷോറൂം കൂട്ടുകാർ കൊള്ളയടിക്കുന്നത് നോക്കിനില്ക്കേണ്ടതില്ല എന്ന് പ്രണവ് തീരുമാനിച്ചിരുന്നുവെങ്കിൽ? ഫെബ്രുവരി 28 അല്ല, മറ്റേതൊരു ദിവസമായിരുന്നുവെങ്കിലും ഇതെല്ലാം, ഒറ്റതിരിഞ്ഞ വൈയക്തിക അക്രമസംഭവങ്ങളിൽ അവസാനിച്ചേനെ. പക്ഷേ, ഈ ദിവസം അബ്ദുൾ മജീദിന്റെ കുടുംബത്തേയും കൗസർ ബാനോവിനേയും കൊല്ലുന്ന സുരേഷിന്റെ പ്രവൃത്തി ഒരു സംഘനടപടിയായിരുന്നു. മുസ്ലീങ്ങളുടെ വീടുകൾ കത്തിച്ച ദൻഗറിന്റെ പ്രവൃത്തി ഒരു സാമൂഹിക ആചാരം പോലെയായിരുന്നു. പ്രണവിന്റെ ബൈക്ക് യാത്രകൾ മറ്റുള്ളവരുടെ സ്വകാര്യതകളിൽ പരസ്യമായി കൂട്ടായി അതിക്രമിച്ച് കയറലായിരുന്നു. ഗുജറാത്തിന്റെ പതിനഞ്ചോളം ജില്ലകൾ ഒരൊറ്റശരീരത്തിന്റെ ഭാഗമെന്നോണം പ്രവർത്തിച്ചു. ഒരേയൊരു ജ്വരം. വെറുപ്പിന്റെ ഒരിരുണ്ട, രാഷ്ട്രീയ അരികുകളിൽ അലഞ്ഞുനടന്നിരുന്ന ഹിന്ദുഭൂരിപക്ഷവാദം എന്ന ആശയത്തെ അത് ഒറ്റയടിക്ക് കേന്ദ്രബിന്ദുവിലെത്തിച്ചു.

അതിന്റെ രാഷ്ട്രീയ രൂപാന്തരത്തിന്റെ ഏറ്റവും ഭീതിദമായ വശത്തിന്റെ നിദർശകമായി സുരേഷിന്റെ ക്രൂരകൃത്യങ്ങൾ മാറി. തങ്ങളുടെ മുഖത്തേക്ക് തുറിച്ചുനോക്കുന്ന യാഥാർത്ഥ്യത്തെ നേരിടാൻ അത് എല്ലാവരേയും നിർബ്ബന്ധിതമാക്കി.

വർഗ്ഗീയകലാപങ്ങളെക്കുറിച്ച് നിരവധി പഠനങ്ങളുണ്ടായിട്ടുണ്ട്. സാമൂഹ്യശാസ്ത്രത്തിന്റെ സ്ഥൂല വീക്ഷണങ്ങൾ ഇത്തരം ഹിംസാത്മക രാഷ്ട്രീയത്തിന്റെ പൊതുവായ ഉറവിടങ്ങൾ നമുക്ക് പറഞ്ഞുതരാറുമുണ്ട്. എന്നാൽ സൂക്ഷ്മതലത്തിൽ വർഗ്ഗീയതയെ വീക്ഷിക്കുന്ന ആഖ്യാനങ്ങൾ കുറവാണ്. രേവതി ലോളിന്റെ അനാട്ടമി ഓഫ് ഹേറ്റ് പ്രസക്തമാകുന്നത് ഇവിടെയാണ്. ഗുജറാത്ത് കലാപത്തെ കേന്ദ്രീകരിച്ച് ഒരു ദശകക്കാലം നടത്തിയ മാധ്യമപ്രവർത്തനങ്ങളിൽനിന്നുമുള്ള രേവതി ലോളിന്റെ കണ്ടെത്തലുകൾക്ക് ഒരു പ്രത്യേകതകൂടിയുണ്ട്. ഇരകളുടെ ദയനീയാവസ്ഥയെ വിശകലനം ചെയ്യുന്ന പതിവ് സമ്പ്രദായങ്ങൾക്കപ്പുറം വേട്ടക്കാരന്റെ മനസിനെ തേടിയുള്ള അന്വേഷണമാണിവിടെ രേവതി നടത്തുന്നത്.

കുറച്ചുപേർ തീവ്രമായി ചിലത് പ്രവർത്തിക്കാതെ മുസ്ലീങ്ങളുടെ മനസ്സിൽ നിതാന്തമായ ഭയം സൃഷ്ടിക്കാനാവില്ല. അവരെ ഭയപ്പെടുത്തണമെങ്കിൽ, ആ ഭയത്തെ രാഷ്ട്രീയായുധമാക്കി പ്രയോജനപ്പെടുത്തണമെങ്കിൽ, സുരേഷിന്റെ നിയന്ത്രണാതീതമായ ക്രോധം അനിവാര്യമായിരുന്നു.

അതുമാത്രമേ വെറുപ്പിന്റെ അടിസ്ഥാനപരമായ സ്വഭാവത്തെക്കുറിച്ച് പറയാനുള്ളൂവെങ്കിൽ ഇതൊരു സൗമ്യമായ കഥയായിപ്പോയേനെ. മാത്രമല്ല, ഇത് സുരേഷിന്റെ മാത്രം കഥയുമാകും. പക്ഷേ, ഫെബ്രുവരി 28 ന് വിളംബരംചെയ്ത വെറുപ്പിന് ഏറെ വർണ്ണഭേദങ്ങളുണ്ടായിരുന്നു. ഉദാഹരണത്തിന്, നിശ്ചയിച്ചുറപ്പിച്ച വെറുപ്പുകളൊന്നുമില്ലാതെ തന്നെ 2002 ലെ വേലിയേറ്റത്തിൽ പെട്ടുപോയ, പ്രണവിന്റേത് ഏത് വർണ്ണമായിരുന്നു? അവന്റെ കഥ മനസ്സിലാകണമെങ്കിൽ വെറുപ്പ് പ്രവർത്തിക്കുന്ന വിവിധ അബോധ തലങ്ങളെ നമ്മൾ മനസ്സിലാക്കണം. മനുഷ്യരുടെ പൊതുബോധത്തിന്റെ ഒരു കോണിൽ ശാന്തമായി, പറയാനൊരു കഥയുമില്ല എന്ന മട്ടിൽ, ഈ വെറുപ്പ് സ്ഥിതിചെയ്യുന്നതെങ്ങനെയെന്ന് അറിയണം.

ഈ ശരീരഘടനയുടെ ഒരു നിർണ്ണായക ഘടകം എപ്പോഴും എളുപ്പത്തിൽ വിട്ടുപോകാറുണ്ട്. എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന അതിന്റെ സ്വഭാവമാണിത്. അത് ദൻഗറിനെപ്പോലെയാകാം. ദൻഗറിന് മുസ്ലിങ്ങളെ ക്കുറിച്ചോ ഹിന്ദുക്കളെക്കുറിച്ചോ അഥവാ ഹിന്ദു-മുസ്ലീം എതിർപ്പിനെക്കുറിച്ചോ ഉറച്ച അഭിപ്രായങ്ങളൊന്നുമില്ല. എന്തിനാണെന്നോ അതിനെ എന്ത് ചെയ്യണമെന്നോ പോലും മനസ്സിലാകാതെ ക്ഷണികമായി ഉയർന്ന അയാളുടെ ക്ഷോഭത്തെ മുന്നോട്ടുകൊണ്ടുപോകാൻ ആരോ വെറുപ്പിനെ ഉപയോഗിച്ചതാണ്. സംഘപരിവാർ നിറം പിടിപ്പിച്ച വെറുപ്പിന്റെ പ്രതിഭാസം ഇളകാത്തതായിരുന്നു; കാരണം അവരുടെ രാഷ്ട്രീയത്തിന് വളരാനുള്ള ഏകമാർഗ്ഗം അതായിരുന്നു. പക്ഷേ, വീണ്ടും വീണ്ടും പരിശോധിക്കുമ്പോൾ, നമ്മൾ മനസ്സിലാക്കി എന്നുകരുതിയ അതിന്റെ ഘടന വീണ്ടും മാറിയിരിക്കും.


അക്രമ ചെയ്തികളെക്കുറിച്ചുള്ള മിക്കവാറും ആവർത്തനങ്ങളിൽ, കഥയുടെ ഈ ഭാഗം മരിച്ചവർക്കൊപ്പം അവിശിഷ്ടങ്ങൾക്കിടയിൽ അടക്കം ചെയ്യിരിക്കുകയാകും. സംഘടിതമായ കൂട്ട ആക്രമണങ്ങളുടെ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന മാറ്റങ്ങൾ സുസ്ഥിരമായിരിക്കുമെന്ന് പൊതുവെ അബോധപൂർവ്വമായ അനുമാനമുണ്ടാകാറുണ്ട്. പക്ഷേ, അത് ആലയുടെ സ്വഭാവയും കാലവും ചരിത്രവും തീരുമാനിക്കും. ആലയിൽനിന്ന് പുറത്തെടുത്ത് തണക്കാനുമണങ്ങാനും വയ്ക്കുന്ന ഓരോ ലോഹഭാഗവും പുതിയ ജീവിതവും നിറവും ക്ലാവും ചൂടും പൊടിയും അഴുക്കും തുരുമ്പും പിടിക്കും. അതാണ് അതേത്തുടർന്നുണ്ടായ പതിനഞ്ച് വർഷങ്ങളിൽ നമ്മുടെ മുഖ്യകഥാപാത്രങ്ങൾക്ക് സംഭവിച്ചതും. •




പരിഭാഷ: **ശ്രീജിത്ത് ദിവാകരൻ**

(പുസ്തകത്തിൽനിന്നും)

# മലയാളത്തിലെ
# അനശ്വര പ്രണയകഥകളുടെ
# അത്യപൂർവ്വ സമാഹാരം




₹690

## പ്രണയത്തിന്റെ ഋതുഭേദങ്ങൾ

സമാഹരണം, പഠനം: **ഡോ. ഇ ബാനർജി**

വൈക്കം മുഹമ്മദ് ബഷീർ
കാരൂർ നീലകണ്ഠപിള്ള
മുട്ടത്തു വർക്കി
എസ്.കെ പൊറ്റക്കാട്
ലളിതാംബിക അന്തർജനം
ടി പത്മനാഭൻ
എം ടി വാസുദേവൻ നായർ
മാധവിക്കുട്ടി
വി.കെ എൻ
കോവിലൻ
ആനന്ദ്
ഒ.വി വിജയൻ
എം മുകുന്ദൻ
കാക്കനാടൻ
പി പത്മരാജൻ
സക്കറിയ
എൻ എസ് മാധവൻ
സാറാ ജോസഫ്
ഗ്രേസി
സി അയ്യപ്പൻ
വി.ജെ ജയിംസ്
കെ ആർ മീര
ഇ. സന്തോഷ് കുമാർ
സുഭാഷ് ചന്ദ്രൻ
ബി മുരളി
സുസ്മേഷ് ചന്ത്രോത്ത്
പ്രമോദ് രാമൻ
ദേവദാസ് വി.എം
യമ
വിനോയ് തോമസ്







ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ
വിപിപി / കൊറിയർ ആയി ലഭ്യമാകുന്നതിനായി
**98472 15709** എന്ന വാട്ട്സ്ആപ് നമ്പറിൽ ബന്ധപ്പെടുക

## പുതിയ പുസ്തകങ്ങൾ

കഥ



₹220



₹120



₹100

## പുതിയ പുസ്തകങ്ങൾ

നോവൽ



₹280




₹250



₹110

## പുതിയ പുസ്തകങ്ങൾ

പഠനം



₹270



₹450



₹130


ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ
വിപിപി / കൊറിയർ ആയി ലഭ്യമാകുന്നതിനായി
98472 15709 എന്ന വാട്ട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടുക





# നിൽക്കൂ ശ്രദ്ധിക്കൂ


**ജസ്റ്റിസ് കെ ചന്ദ്രു**

**ഗീത ഹരിഹരൻ** (അവതാരിക)


**വ**ലിയ പ്രതീക്ഷയോടെയാണ് ഞാനീ പുസ്തകം - നീതി തേടി കോടതികളിലെത്തുന്ന മനുഷ്യരെക്കുറിച്ചുള്ള പുസ്തകം - വായിച്ചു തുടങ്ങിയത്. വളരെ കഷ്ടപ്പെട്ടാണെങ്കിലും എങ്ങനെയെങ്കിലുമൊക്കെ കോടതിവരെ എത്തിച്ചേരുന്ന മനുഷ്യരെ സഹായിക്കാനായി തന്റെ ജീവിതകാലം മുഴുവൻ ചെലവഴിച്ചയാളാണ് കെ ചന്ദ്രു. മദ്രാസ് ഹൈക്കോടതിയിൽ ജഡ്ജിയായി സേവനമനുഷ്ഠിക്കുമ്പോൾ പൂർണ്ണതയുള്ള ഒരു ന്യായാധിപൻ എന്നാൽ എന്താണെന്ന് അദ്ദേഹം കാണിച്ചുതന്നു. കോടതിയുടെ ഉത്തരവാദിത്വങ്ങൾ പ്രാവർത്തികമാക്കുക എന്നാൽ എന്താണെന്നും റെക്കോർഡ് എണ്ണം കേസുകൾ തീർപ്പാക്കിക്കൊണ്ട്, കഠിനമായി പണിയെടുക്കുക എന്നാൽ എന്താണെന്നും അദ്ദേഹം കാണിച്ചുതന്നു. എല്ലാത്തിനും ഉപരിയായി എല്ലാവർക്കും നീതി ലഭ്യമാവുക എന്ന പ്രതിബദ്ധതയോടെ ജീവിച്ച വ്യക്തി. അദ്ദേഹത്തിന്റെ ശ്രദ്ധേ

# ജയ് ഭീം സിനിമയ്ക്ക് ആധാരമായ പുസ്തകം


യമായ വിധിന്യായങ്ങൾ പലവിധത്തിലുള്ള മാറ്റങ്ങൾക്ക് വഴി വയ്ക്കുകയുണ്ടായി. ജാതി തിരിവുകൾക്ക് അതീതമായ പൊതു ശ്മശാനം, ഉച്ചഭക്ഷണ കേന്ദ്രങ്ങളിലെ കമ്യൂണിറ്റി അടിസ്ഥാനത്തിലുള്ള സംവരണം, സ്ത്രീകൾ ക്ഷേത്രങ്ങളിൽ പൂജാരികളാകുന്നത് അനുവദിക്കുക, സ്റ്റേജ് നാടകങ്ങൾക്ക് പൊലീസ് അനുവാദം വാങ്ങുന്ന രീതി നിർത്തലാക്കുക എന്നിവയെല്ലാം അക്കൂട്ടത്തിൽ പെടുന്നതാണ്.

എന്റെ പ്രതീക്ഷകൾ തരിമ്പും അസ്ഥാനത്തായില്ല. ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്ന സ്ത്രീകൾ കോടതിയിലൂടെ അസമത്വങ്ങൾക്കെതിരെ നടത്തിയ പോരാട്ടങ്ങൾ അത്യന്തം സ്പഷ്ടമായിരുന്നു. തൊണ്ണൂറുകളിൽ ഞാൻ നടത്തിയ നിയമ പോരാട്ടങ്ങളിലൂടെ ഒരിക്കൽ കൂടി സഞ്ചരിക്കുന്നതായി എനിക്കു തോന്നി. നിയമത്തിന്റെ കണ്ണിൽ, ഞാൻ, പ്രായപൂർത്തിയാകാത്ത എന്റെ മകന്റെ നാച്വറൽ ഗാർഡിയൻ (സ്വാഭാവിക രക്ഷാധികാരി)അല്ല എന്ന തിരിച്ചറിവ് ശരിക്കും ഞെട്ടിക്കുന്നതായിരുന്നു. ഇന്ദിര ജെയ്സിങ്ങിന്റെയും ലോയേഴ്സ് കളക്റ്റീവിന്റെ വിമൻസ് റൈറ്റ്സ് ഇനിഷിയേറ്റീവ് പദ്ധതിയുടെയും സഹായത്തോടെ ഞാനും എന്റെ കുഞ്ഞിന്റെ പിതാവും ചേർന്ന് സുപ്രീംകോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചു. ഹിന്ദു മൈനോരിറ്റി ആന്റ് ഗാർഡിയൻഷിപ്പ് ആക്റ്റിന്റെ(1956) ഭരണഘടനാ സാധുതയെ ചോദ്യം ചെയ്തുകൊണ്ടായിരുന്നു അത്. ആ നിയമത്തിന്റെ ആറാം വകുപ്പ് പ്രകാരം പ്രായപൂർത്തിയാകാത്ത കുട്ടിയുടെ നിയമാനുസൃത രക്ഷാകർതൃത്വം അച്ഛൻ കഴിഞ്ഞാൽ അമ്മയ്ക്കാണ്. ഗാർഡിയൻസ് ആന്റ് വാർഡ് ആക്റ്റ് (1890) ന്റെ പത്തൊമ്പതാം വകുപ്പ് പ്രകാരം പ്രായപൂർത്തിയാകാത്ത കുട്ടിയുടെ പിതാവ് ജീവിച്ചിരിക്കുകയോ, അല്ലെങ്കിൽ കോടതിയുടെ നോട്ടത്തിൽ രക്ഷകർത്താവാകാൻ അയോഗ്യനല്ലാതിരിക്കുകയോ ചെയ്താൽ അവിടെ ഗാർഡിയനെ നിയമിക്കുന്നതിൽ നിന്ന് കോടതിയെ വിലക്കുന്നുണ്ട്. പലപ്പോഴും ഈ രണ്ട് വകുപ്പുകളും ചേർത്ത് വായിക്കുമ്പോൾ കോടതികൾ അതിനെ വ്യാഖ്യാനിക്കുന്നത് കുട്ടിയുടെ ക്ഷേമം പിതാവിൽ നിക്ഷിപ്തമായിരിക്കുന്നു എന്നാണ്. അതുകൊണ്ട് എന്ത് സംഭവിക്കുന്നുവെന്നു വച്ചാൽ രക്ഷാകർതൃത്വത്തിലുള്ള മാതാവിന്റെ തുല്യ അവകാശം നിഷേധിക്കപ്പെടുന്നു. ഞങ്ങളുടെ റിട്ട് ഹർജിയുടെ സത്ത ഈ ചോദ്യമായിരുന്നു: തന്റെ കുഞ്ഞിന്റെ ക്ഷേമത്തെച്ചൊല്ലി തീരുമാനങ്ങൾ എടുക്കാൻ അമ്മയെ അയോഗ്യയാക്കുന്നത് എന്താണ്? സ്ത്രീ രക്ഷാകർതൃത്വത്തിന് പ്രാപ്തയല്ലെന്ന അനുമാനത്തിന് സാമൂഹികമോ സാമ്പത്തികമോ ശാസ്ത്രീയമോ ആയ യാതൊരു അടിസ്ഥാനവും ഉണ്ടായിരുന്നില്ല. ഈ നിയമത്തിന് യുക്തിപരമായ അടിസ്ഥാനമില്ലെങ്കിൽ പിന്നെ എന്താണ് മാനദണ്ഡം? അമ്മയുടെ ജന്റർ? എന്നാൽ അത് ഭരണഘടനയുടെ അനുച്ഛേദം 14 ഉം 15 ഉം ഉറപ്പുതരുന്ന തുല്യതയുടെ ലംഘനമല്ലേ? •

(പുസ്തകത്തിൽ നിന്നും)




*സ്ത്രീകളുടെ അവകാശ പോരാട്ടങ്ങളുമായി ബന്ധപ്പെട്ട് തന്റെ മുന്നിലെത്തിയ സുപ്രധാന കേസുകൾ മുൻ മദ്രാസ് ഹൈക്കോടതി ജസ്റ്റിസ് ചന്ദ്രു രേഖപ്പെടുത്തുന്നു. തങ്ങൾ നേരിട്ട അതിക്രമങ്ങൾക്കെതിരെ, നിയമവഴികളിലൂടെ പോരാടി പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്ന, ധൈര്യവും നിശ്ചയദാർഢ്യവുമുള്ള സ്ത്രീകളുടെ ഈ കഥകൾ സാമൂഹിക നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്ക് ശക്തി പകരുന്നു.*




₹140

പരിഭാഷ: **ചിഞ്ചു പ്രകാശ്**




# ചാന്ദ്രയാത്രയുടെ അമ്പതാണ്ടുകൾ

സാബു ജോസ്

**ക**വികൾക്കും കലാകാരൻമാർക്കും എന്നും പ്രചോദനമാണ് ചന്ദ്രൻ. കവിത, കഥ, നാടകം, സംഗീതം, ചിത്രംവര, രാഷ്ട്രീയം, മതം, ചരിത്രം, സംസ്കാരം എന്നിവയിലെല്ലാം ഒരു പ്രതിരൂപമോ, ദൃഷ്ടാന്തമോ ആണ് ഈ കൊച്ചുഗോളം. ചന്ദ്രനെ ദേവനായി ആരാധിക്കാത്ത പുരാതന സംസ്കാരങ്ങളൊന്നുമില്ല. വായുവും ജലവുമില്ലാത്ത, സസ്യങ്ങളോ ജന്തുക്കളോ ഇല്ലാത്ത, ജീവന്റെ അടയാളങ്ങളൊന്നുമില്ലാത്ത ഈ വരണ്ട ദ്രവ്യപിണ്ഡം മനുഷ്യനെ ഇത്രയധികം ആകർഷിക്കാൻ കാരണം അതിന്റെ അനന്യതയും സാമീപ്യവും തന്നെയാണ്. പ്രപഞ്ചത്തിൽ നാം ജീവൻ തിരിച്ചറിഞ്ഞിട്ടുള്ള ഏകഗോളമായ ഭൂമിയുടെ ഏക സ്വാഭാവിക ഉപഗ്രഹമാണ് ചന്ദ്രൻ . സൂര്യൻ കഴിഞ്ഞാൽ മറ്റേതൊരു ആകാശഗോളത്തിനുള്ളതിലുമധികം സ്വാധീനം ചന്ദ്രന് ഭൂമിയിലും ഭൗമജീവനിലുമുണ്ട്. ചന്ദ്രനിലെ വരണ്ട പാറകളിലും വിള്ളലുകളിലും തട്ടി പ്രതിഫലിക്കുന്ന സൂര്യപ്രകാശം സൃഷ്ടിക്കുന്ന മായക്കാഴ്ചകൾ മനുഷ്യരുടെ ഭാവനകൾക്ക് നിറം പകർന്നപ്പോൾ ജീവന്റെ നാമ്പുകൾ മുളയ്ക്കാത്ത ഈ ദ്രവ്യശകലത്തിന് നല്കിയത് ഒരു അഭൗതിക പരിവേഷമാണ്.

പതിനേഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ ദൂരദർശിനി ഉപയോഗിച്ച് ഗലീലിയോ നടത്തിയ വാനനിരീക്ഷണങ്ങളാണ് ചന്ദ്രന്റെ യഥാർത്ഥ മുഖം അനാവരണം ചെയ്തത്. പിന്നീട് ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ സാങ്കേതിക വിദ്യയിലുണ്ടായ പുരോഗതി ബഹിരാകാശവാഹനങ്ങൾ യാഥാർത്ഥ്യമാക്കിയതോടെ മനുഷ്യൻ ചന്ദ്രനെന്ന സ്വർഗ്ഗലോകത്തിൽ തന്റെ പാദമുദ്രപതിപ്പിച്ചു. 1969 ജൂലൈ 21 നാണ് മനുഷ്യൻ, അവന്റെ സാന്നിദ്ധ്യം ഭൂമിക്കപ്പുറമുള്ള മറ്റൊരു ലോകത്ത് ആദ്യമായി അറിയിച്ചത്. ഭൂമിയും ചന്ദ്രനുമുള്ളിടത്തോളംകാലം, ഭൂമിയിൽ മനുഷ്യവർഗ്ഗം നിലനില്ക്കുന്നിടത്തോളം കാലം ആ ദിനവും, ചന്ദ്രനിൽ നടന്ന ആദ്യമനുഷ്യന്റെ ഓർമ്മകളും അനശ്വരമായിരിക്കും. സങ്കല്പസ്വർഗ്ഗത്തിന്റെ പാൽ വെളിച്ചത്തെ തന്റെ പാദസ്പർശത്താൽ യാഥാർത്ഥ്യത്തിന്റെ ധൂളിയാക്കി മാറ്റിയ നീൽ ആംസ്ട്രോങ് അമരത്വം നേടിയ മനുഷ്യനാണ്. ആദ്യ ചാന്ദ്രയാത്രയുടെ ഹൃദയമിടിപ്പുകൾ തന്നെയാണ് ഓരോ ചാന്ദ്രദിനത്തിലും ശാസ്ത്രലോകത്തിനുള്ളത്. സങ്കല്പവും, ചരിത്രവും, മിത്തുശാസ്ത്രവുമെല്ലാം ഇഴചേർന്നുകിടക്കുന്ന ചന്ദ്രനെന്ന ആകാശഗോളത്തിന്റെ ഇതുവരെ അധികമാരും പറഞ്ഞിട്ടില്ലാത്ത വിശേഷങ്ങളിലൂടെ ഒന്നു കടന്നുപോകാം.

ഭൂമിയുടെ ഏക പ്രകൃതിദത്ത ഉപഗ്രഹമാണ് ചന്ദ്രൻ. ഭൂമിയുടെ വ്യാസത്തിന്റെ ഏകദേശം മുപ്പതുമടങ്ങ് ദൂരെയാണ് ചന്ദ്രന്റെ ഭ്രമണപഥം. ഇത് ശരാശരി 3,84,403 കിലോമീറ്റർ അകലം വരും. ഭൂമിയും ചന്ദ്രനുമടങ്ങുന്ന വ്യൂഹത്തിന്റെ പിണ്ഡകേന്ദ്രം, ഭൂമിയുടെ വ്യാസത്തിന്റെ ഏകദേശം നാലിൽ ഒന്നുവരുന്ന 1,700 കിലോമിറ്റർ ആഴത്തിൽ ഭൗമോപരിത




₹120

# ബിഗ് ലീപ്

## സാബു ജോസ്

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ച മുതൽ ഒട്ടനവധി ആളുകളുടെ സ്വപ്നങ്ങളും കണ്ണീരുമെല്ലാം ഉൾച്ചേർന്ന ചാന്ദ്രയാത്രയുടെ ചരിത്രപാഠങ്ങൾ അറിവിന്റെ പുതിയൊരു ലോകം സമ്മാനിക്കുന്നു. ചാന്ദ്രയാത്രയുടെ ചരിത്രവർത്തമാനകാലങ്ങളെ സമഗ്രമായി പ്രതിപാദിക്കുന്ന മികച്ച റഫറൻസ് ഗ്രന്ഥം.

ലത്തിനുകീഴെയാണ്. അതുകൊണ്ടുതന്നെ ചന്ദ്രൻ ഭൂമിയെ ചുറ്റുകയാണ്. ഭൂമിയെ ഒരു തവണ പ്രദക്ഷിണം ചെയ്യാൻ ചന്ദ്രന് 27.3 ദിവസങ്ങൾ വേണം.

ചന്ദ്രന്റെ ഉപരിതലവിസ്തീർണ്ണം ഭൂമിയുടേതിന്റെ പത്തിലൊന്നിലും കുറവാണ്. ഇത് ഏകദേശം റഷ്യ, കാനഡ, യു എസ് എന്നിവ ചേർന്നാലുള്ളത്ര വരും. ചന്ദ്രന്റെ ഗുരുത്വബലം ഏകദേശം ഭൂമിയുടെ ഗുരുത്വബലത്തിന്റെ 17 ശതമാനമാണ്. സൂര്യപ്രകാശം ചന്ദ്രോപരിതലത്തിൽ തട്ടിപ്രതിഫലിച്ചെത്താൻ ഏകദേശം 1.3 സെക്കന്റുകൾ ആവശ്യമാണ്. സൗരയൂഥത്തിലെ ഉപഗ്രഹങ്ങളിൽ വലിപ്പം കൊണ്ടും ഭാരംകൊണ്ടും ചന്ദ്രൻ അഞ്ചാം സ്ഥാനത്താണ്.

ചന്ദ്രോപരിതലത്തിലെത്തിയ ആദ്യ മനുഷ്യനിർമ്മിത വസ്തു സോവിയറ്റ് യൂണിയനയച്ച ലൂണ -2 എന്ന ബഹിരാകാശ പേടകമാണ്. 1959 ൽ അയച്ച ഈ പേടകം ചന്ദ്രോപരിതലത്തിൽ ഇടിച്ചുതകരുകയാണുണ്ടായത്. തുടർന്നും ലൂണ ശ്രേണിയിൽപ്പെട്ട വാഹനങ്ങൾ ചാന്ദ്രസന്ദർശനം നടത്തിയിട്ടുണ്ടെങ്കിലും വിജയകരവും അപകടരഹിതവുമായി ചന്ദ്രനിലിറങ്ങിയ ആദ്യവാഹനം ലൂണ-9 ആണ്. 1966 ലാണ് ലൂണ 9 ചന്ദ്രനിലെത്തിയത്. മനുഷ്യനെ വഹിച്ചുകൊണ്ടുള്ള യാത്ര ആരംഭിച്ചത് യു എസിന്റെ അപ്പോളോ ദൗത്യങ്ങളാണ്. അപ്പോളോ-8 ൽ ആണ് മനുഷ്യന്റെ ആദ്യ ചന്ദ്രയാത്ര നടന്നത്. എന്നാൽ പേടകം ചന്ദ്രനെ പ്രദക്ഷിണം ചെയ്തതല്ലാതെ ഉപരിതലത്തിൽ ഇറങ്ങിയില്ല. 1969 ൽ അപ്പോളോ -11 ദൗത്യത്തിലാണ് മനുഷ്യന്റെ പാദസ്പർശം ആദ്യമായി ചന്ദ്രനിൽ പതിഞ്ഞത്. ഇന്നും ഭൂമിക്കുവെളിയിൽ മനുഷ്യന്റെ പാദസ്പർശമേറ്റ ഏക ഖഗോളപിണ്ഡം ചന്ദ്രനാണ്.

ഗ്രീക്ക് ചിന്തകനായ അനാക്സഗോറസ് ആണ് പാശ്ചാത്യലോകത്ത് ആദ്യമായി ചന്ദ്രൻ വലിയ ഗോളരൂപമുള്ള പാറയാണെന്ന് സമർത്ഥിക്കാൻ ശ്രമിച്ചത്. ചന്ദ്രന് പ്രകാശമില്ലെന്നും സൂര്യപ്രകാശത്തെ പ്രതിഫലിപ്പിക്കുക മാത്രമാണ് ചെയ്യുന്നതെന്നും അദ്ദേഹം വാദിച്ചു. അരിസ്റ്റോട്ടിലിന്റെ പ്രപഞ്ചമാതൃകയിൽ മാറ്റങ്ങൾ വരുന്ന ഭൂമി, ജലം, വായു, അഗ്നി എന്നിവയുടെ ഗോളങ്ങളെയും മാറ്റമില്ലാത്ത സ്ഥിരനക്ഷത്രങ്ങളെയും വേർതിരിക്കുന്ന അതിർത്തിയാണ് ചന്ദ്രൻ-നൂറ്റാണ്ടുകളോളം ഈ വിശ്വാസം നിലനിന്നു. 1609 ൽ സിഡറസ് നൺസിയസ് എന്ന പുസ്തകത്തിൽ ചന്ദ്രൻ മിനുസമാർന്ന ഒരു ഗോളമല്ല മറിച്ച് കുന്നുകളും കുഴികളും നിറഞ്ഞതാണെന്ന് ഗലീലിയോ പ്രസ്താവിച്ചു. പിന്നീട് 17-ാം നൂറ്റാണ്ടിൽ ജിയോവനി ബാറ്റിസ്റ്റ, റിച്ചിയോളി, ഫ്രാൻസിസ്കോ മരിയാ ഗ്രിബാൾഡി എന്നിവർ ചേർന്ന് ചന്ദ്രന്റെ ഒരു ഭൂപടം തയ്യാറാക്കി. അതിലവർ ഗർത്തങ്ങൾക്കും പർവ്വതങ്ങൾക്കും ഉപയോഗിച്ച പല പേരുകളും ഇന്നും ഉപയോഗിക്കുന്നു. •

## ശാസ്ത്ര പഠന ഗ്രന്ഥങ്ങൾ




₹130




₹150





₹190

# പെരുമ്പടവം ശ്രീധരൻ

## ജനപ്രിയ നോവലുകളുടെ രാജശില്പി















**അയത്ന ലളിതമായ വായന ആഗ്രഹിക്കുന്നവർക്കായി പെരുമ്പടവത്തിന്റെ നോവലുകൾ ചിന്തയിലൂടെ**


തേവാരം
₹ 220

ഇടിഞ്ഞുപൊളിഞ്ഞ ലോകം
₹ 210


ഇടത്താവളം
₹ 280

ആരണ്യഗീതം
₹ 250

# പുതിയ പുസ്തകങ്ങൾ / പുതിയ പതിപ്പുകൾ




₹170




₹170

## കുട്ടികൾക്കായി പത്ത് ചിത്രകഥാ പുസ്തകങ്ങൾ




എന്റെ ഹൃദയത്തിലെ ബാപ്പുജി ● ഹാപ്പി ബർത്ത് ഡേ
ചിരിപപ്പടം ● മധുമധുരം ● കണ്ടവരുണ്ടോ? ● 10/10
മിന്നാമിന്നി പെൺവണ്ടി ● ശ്ശ്... ഞങ്ങൾ പൂമ്പാറ്റകൾക്ക് പുറകെയാ..
● ശ്രൂ... ന്ന് ഒരു വിമാനം ● വിന്റും വിച്ചും



കൊച്ചു കൂട്ടുകാർക്ക്
അറിവിന്റെ പുതുലോകങ്ങൾ
സമ്മാനിക്കുന്നതാണ്
കുട്ടിത്താളം പുസ്തകമേളത്തിലെ
പത്തുപുസ്തകങ്ങൾ.
പ്രൊഫ. എസ് ശിവദാസ്



വാക്കിലും നോക്കിലും ചേർത്തു
പിടിക്കാൻ കഴിയുന്ന പുസ്തകങ്ങൾ.
ഭാവനയുടെ മഴവിൽ തോണിയിലേറി
സഞ്ചരിക്കുവാൻ കഴിയുന്ന
രസകരമായ കഥകൾ.
കെ കെ കൃഷ്ണകുമാർ

₹980

# കുട്ടിത്താളം


## പുസ്തകമേളം

രചന: സൈജ എസ്., ഷിനോജ് രാജ്

രാഷ്ട്രീയം

# നേതാജി സുഭാഷ് ചന്ദ്രബോസ്

ഡോ. വിനി എ



**കോൺഗ്രസിന്റെ കൽക്കട്ടാ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രസംഗം, ഡിസംബർ 1928**

മഹാത്മാഗാന്ധി അവതരിപ്പിച്ച പ്രമേയത്തിന് ഭേദഗതി നിർദ്ദേശിക്കേണ്ടി വന്നുവെന്നതിൽ എന്നോട് ക്ഷമിക്കുക. ആ പ്രമേയത്തിന് ചില മുതിർന്ന നേതാക്കളുടെ പിന്തുണയുമുണ്ടായിരുന്നു. ഭേദഗതി നിർദ്ദേശിക്കാനായി ഞാനിന്ന് എഴുന്നേറ്റുവെന്നത് കോൺഗ്രസിനകത്തെ പഴയ ചിന്താധാരയും പുതിയ ചിന്താധാരയും തമ്മിലുള്ള മൗലികമായ വിടവിനെയാണ് കാണിക്കുന്നത്.

നെഹ്റുറിപ്പോർട്ടിൽ ഒപ്പുവെച്ച ഒരാളായ ഞാൻ എന്തിനാണ് സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കാനായി എഴുന്നേറ്റുനിന്നതെന്ന് എന്നോട് ചില സുഹൃത്തുക്കൾ ചോദിക്കുകയുണ്ടായി. റിപ്പോർട്ടിൽ അവതരിപ്പിച്ചിട്ടുള്ള ഭരണഘടനയുടെ മൂലതത്ത്വങ്ങൾ മുഴുവനായും ഒരു സ്വതന്ത്ര ഭരണഘടനയ്ക്ക് അനുയോജ്യമായുള്ളതാണെന്ന് ആ റിപ്പോർട്ടിൽ തന്നെ പറയുന്നുണ്ട്. ഈ ഭേദഗതി നിർദ്ദേശിച്ചതുകൊണ്ട് എന്റെ പ്രവൃത്തികൾ പരസ്പരം വിരുദ്ധമാണെന്ന് പറയാൻ കഴിയില്ലെന്ന ഉറപ്പ് എനിക്കുണ്ട്.

വ്യക്തിപരമായ വിശദീകരണം എന്ന നിലയ്ക്ക് മറ്റൊരു കാര്യം കൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മുതിർന്ന നേതാക്കളുടെ വഴിയിൽ തടസ്സമായി നില്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് സ്വകാര്യ സംഭാഷണങ്ങളിലും അല്ലാതെയും ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഞങ്ങളുടെ ഭേദഗതി സ്വീകരിക്കപ്പെടുകയാണെങ്കിൽ അത് സഭയിൽ ഉണ്ടാക്കാനിടയുള്ള ഭിന്നിപ്പിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറല്ലാതിരുന്നതിനാലാണ് ഞാനന്ന് അങ്ങനെ ചെയ്തത്. ഇന്ന് ഭേദഗതി സ്വീകരിക്കപ്പെടുകയാണെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റെടുക്കാനും പ്രശ്നത്തെ അഭിമുഖീകരിക്കാനും ഞാൻ തയ്യാറാണ്.

ചില സംഭവങ്ങളാണ് എന്റെ മുമ്പുള്ള കാഴ്ചപ്പാടിൽനിന്നും മാറി ചിന്തിക്കാൻ കാരണമായത്. ബംഗാളിൽ നിന്നുള്ള ഭൂരിപക്ഷം അംഗങ്ങളും അവരുടെ താല്പര്യാർത്ഥം ഈയൊരു ഭേദഗതി മുന്നോട്ടുവെക്കാൻ കൂടിയിരുന്ന് തീരുമാനമെടുത്തി


ട്ടുള്ളതാണെന്ന് നിങ്ങൾക്കെല്ലാം അറിവുള്ളതായിരിക്കും. സഭയുടെ തീരുമാനം എന്താണെങ്കിലും, പ്രത്യാഘാതങ്ങൾ എന്താണെങ്കിലും അത് നേരിടാൻ അവർ തയ്യാറുമായിരുന്നു. ഞാനിവിടെ ഈ ഭേദഗതി നിർദ്ദേശിച്ചില്ലെങ്കിലും മറ്റാരെങ്കിലും അവരുടെ താല്പര്യാർത്ഥം അത് ചെയ്യുമെന്നത് ഉറപ്പാണ്.

മറ്റൊരു കാര്യം കൂടിയുണ്ട്. ഇൻഡിപെൻഡൻസ് ഫോർ ഇന്ത്യാ ലീഗ് എന്ന സഖ്യവും ഭേദഗതിയെ പിന്തുണയ്ക്കാനും സഭയുടെ തീരുമാനം എന്താണെങ്കിലും അത് സ്വീകരിക്കാനും തയ്യാറായിട്ടുണ്ട് എന്നതാണത്.

ഇന്ത്യക്ക് ബ്രിട്ടീഷ് ഭരണത്തിന് കീഴിൽ സ്വയംഭരണാധികാരം (ഡൊമീനിയൻ സ്റ്റേറ്റസ്) വേണോ അതോ സ്വാതന്ത്ര്യം വേണോയെന്ന ചോദ്യത്തിന് ആശങ്കകൾക്കിടയില്ലാത്ത വിധം വ്യക്തമായ ഉത്തരം നല്കേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ആത്മാർത്ഥമായി കരുതുന്നവരാണ് ഭേദഗതിയെ പിന്തുണച്ചിരിക്കുന്നത്. അത് അവരുടെ കടമയായിട്ടാണ് അവർ കണക്കാക്കുന്നത്. ലാല ലജ്പത് റായിയുടെ മരണത്തിനും, ലഖ്നൗവിലെയും കാൺപൂരിലെയും സംഭവങ്ങൾക്കും, വൈസ്രോയിയുടെ പ്രസംഗത്തിനുംശേഷം കോൺഗ്രസ് ആത്മാഭിമാനം കാക്കാൻ ധീരമായൊരു നിലപാടെടുക്കും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുമെന്ന് ഞാൻ നമ്മുടെ നേതാക്കളോട് പറഞ്ഞിട്ടുള്ളതാണ്. അതിനുപകരം മദ്രാസ് പ്രമേയത്തിൽ ചില കാര്യങ്ങളിൽ ഇളവ് കൊണ്ടുവരുന്നതാണ് കാണാൻ കഴിഞ്ഞത്.

സ്വാതന്ത്ര്യത്തിന്റെ പതാക ഒരു ദിവസത്തേക്കപോലും താഴ്ത്തിക്കെട്ടാൻ ഞങ്ങൾ തയ്യാറല്ലെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഈ സഭയിൽ ഞങ്ങൾ ജയിക്കുമോ ഇല്ലയോ എന്നത് ഞങ്ങളുടെ പരിഗണനാ വിഷയമല്ല. ഇന്ത്യയെ സ്വതന്ത്രമാക്കാനുള്ള പ്രതിജ്ഞ ഏറ്റെടുത്തുകഴിഞ്ഞ ഇന്ത്യൻ യുവതലമുറയെസംബന്ധിച്ച് ഇതൊരു പരിഗണനാ വിഷയമല്ലാതായി മാറിയിട്ട് കുറേക്കാലമായി. ഞങ്ങൾക്ക് നമ്മുടെ നേതാക്കളെ ആവശ്യമാണ്, ഞങ്ങളവരെ സ്നേഹിക്കുന്നുണ്ട്, ആരാധിക്കുന്നുണ്ട്, എന്നാൽ ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത് അവർ കാലത്തിനൊത്ത് സഞ്ചരിക്കണമെന്നാണ്. തീവ്രവാദികൾക്കിടയിൽ ഞാനും ജവഹർലാലും മിതവാദികളായാണ് പരിഗണിക്കപ്പെടാറുള്ളതെന്ന് ഞാൻ നമ്മുടെ നേതാക്കളോട് പറഞ്ഞിട്ടുള്ളതാണ്. മുതിർന്ന നേതാക്കൾ മിതവാദികളോട് പോലും അനുരഞ്ജനത്തിന് തയ്യാറല്ലെങ്കിൽപ്പിന്നെ പഴയതും പുതിയതും തമ്മിലുള്ള പിളർപ്പ് ഒരിക്കലും നേരെയാക്കാൻ കഴിയില്ല. രാജ്യത്തെ യുവജനതയ്ക്ക് മുമ്പില്ലാത്തവിധത്തിൽ ഒരു പുതിയ ബോധോദയമുണ്ടായിട്ടുണ്ട്. അവർ ഇനിയും അന്ധമായി പിന്തുടരാൻ ഒരുക്കമല്ല. നാളെയുടെ അവകാശികൾ തങ്ങളാണെന്നും ഇന്ത്യയെ സ്വതന്ത്രമാക്കേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമാണെന്നും അവർ തിരിച്ചറിഞ്ഞുകഴിഞ്ഞു. ഈ പുതിയ തിരിച്ചറിവോടുകൂടി തങ്ങൾക്ക് മുന്നിലുള്ള ശ്രമകരമായ ഒരു ദൗത്യത്തിന് സ്വയം തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്.

ഞാൻ ശക്തമായി യോജിക്കുന്ന മറ്റൊരു വാദം കൂടിയുണ്ട്. അന്താരാഷ്ട്രതലത്തിലെ അവസ്ഥയെക്കുറിച്ചാണ് അത്. മദ്രാസ് പ്രമേയത്തിന് ശേഷം ഇന്ത്യക്ക് ആഗോള രാഷ്ട്രീയത്തിൽ പുതിയ പദവി ലഭിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടാകും. ഈ പ്രമേയം പാസാക്കുകയാണെങ്കിൽ മദ്രാസ് സമ്മേളനത്തിലൂടെ പിടിച്ചെടുത്ത പദവി ഭാഗികമായെങ്കിലും നമ്മൾ നഷ്ടപ്പെടുത്തുകയാണെന്ന ആശങ്ക എനിക്കുണ്ട്. മദ്രാസ് പ്രമേയത്തിന് ശേഷം ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുപോലും നമ്മളെത്തേടി സന്ദേശങ്ങൾ എത്തിയിരുന്നു.

പരിഭാഷ: ഡോ. വിനി എ

നേതാജി സമർത്ഥനായ എഴുത്തുകാരനായിരുന്നു. അദ്ദേഹത്തിന്റെ കുറിപ്പുകൾ, പൂർത്തിയാകാത്ത ആത്മകഥ, പ്രസംഗങ്ങൾ, ലേഖനങ്ങൾ എന്നിവ കൂടുതൽ ശ്രദ്ധ അർഹിക്കുന്നു. നേതാജിക്ക് വളരെ വിശാലമായ താല്പര്യങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹം നന്നായി വായിച്ചിരുന്നു. ഊർജ്ജസ്വലവും നീതിപൂർവ്വകവുമായ ഒരു സ്വതന്ത്ര ഇന്ത്യ സൃഷ്ടിക്കുന്നതിലേക്കു നയിക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ ചിന്തയും എഴുത്തും.

**സുഭാഷിണി അലി**


മദ്രാസിൽ നമ്മളെടുത്ത തീരുമാനത്തിൽനിന്ന് പിന്നോട്ടാണോ അതോ മുന്നോട്ടാണോ നമ്മുടെ പോക്ക് എന്നതാണ് ചോദ്യം. സർക്കാരിന്റെ നിലപാടിന് യോജിക്കുന്ന വിധത്തിൽ മറുപടി പറയാൻ നമ്മൾ തയ്യാറാണോ? •

(പുസ്തകത്തിൽ നിന്നും)





# കവിത ശ്രീവാസ്തവ
# രാജസ്ഥാനിൽ നിന്നൊരു തീപ്പൊരി

**കെ രമ, പി കെ ശിവദാസ്, കെ അനശ്വര**

**പൗ**രാവകാശസംരക്ഷണത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാണ് രാജസ്ഥാൻ. അവിടെ ജാതിയുടെ പേരിലും ലിംഗത്തിന്റെ പേരിലും നടക്കുന്ന അത്യാചാരങ്ങൾക്ക് കൈയും കണക്കുമില്ല. വലതുപക്ഷ രാഷ്ട്രീയം ആഴത്തിൽ വേരോടിയ ഒരു സംസ്ഥാനത്തിലെ സ്ഥിതി അങ്ങനെയൊക്കെ ആയിപ്പോയില്ലെങ്കിലേ അത്ഭുതമുള്ളൂ. ഇത്തരം മനുഷ്യ സൃഷ്ടമായ ദുരവസ്ഥകൾക്കു പുറമെയാണ് പ്രകൃതിയുടെ ക്രൂരതകൾ. മരുപ്രദേശങ്ങൾ സമൃദ്ധം. ജലദൗർലഭ്യം നിത്യം. ഇങ്ങനെ പ്രകൃതിയും മനുഷ്യനും ഒരുപോലെ മർദ്ദക സ്വഭാവമുള്ളതാവുമ്പോൾ സാമാന്യബുദ്ധി നഷ്ടപ്പെടാത്ത മനുഷ്യർ അതിജീവനത്തിനായി തേടുന്ന പല വഴികളുണ്ട്. മദ്യപാനം അവയിലൊന്നാണ്. മറ്റൊന്നാണ് സ്വയം മറന്നുള്ള സാമൂഹിക പ്രവർത്തനം. കവിത ശ്രീവാസ്തവ എന്ന തീപ്പൊരി തെരഞ്ഞെടുത്തത് മറ്റുള്ളവർക്കായി പൂർണ്ണമായും സമർപ്പിക്കപ്പെട്ട ജീവിതമാണ്.

വധഭീഷണി ഉൾപ്പെടെ പലതരം പ്രതികൂലാവസ്ഥകളാണ് കവിതയ്ക്ക് നേരിടേണ്ടിവന്നിട്ടുള്ളത്. അങ്ങനെയെങ്കിൽ ഒരു കൈ നോക്കാം എന്ന മനോഭാവത്തോടെയാണ് കവിത അത്തരം ഘട്ടങ്ങളെ നേരിടാറുള്ളത്. ഇരുപത്തിയഞ്ചുവർഷം മുമ്പുതന്നെ വലതുപക്ഷ രാഷ്ട്രീയം സാവകാശമെങ്കിലും സ്ഥായിയായ രീതിയിൽ രാജസ്ഥാനിലെ ഉൾപ്രദേശങ്ങളിൽ വിദ്യാലയങ്ങൾ വഴിയും മറ്റു സമൂഹ കൂട്ടായ്മകൾ വഴിയും അരിച്ചുകയറുന്നതിനെപ്പറ്റി കവിതയുടെ സഹോദരി കോമൾ ശ്രീവാസ്തവ ഞങ്ങളോട് സംസാരിച്ചിരുന്നു. കവിതയും കൂട്ടുകാരും അന്നേ തയ്യാറായിരുന്നു. ആസന്നഭാവിയിൽ മതാന്ധതയും ജാത്യാനാചാരങ്ങളും സാമ്പത്തികമായ ഉച്ചനീചത്വങ്ങളും ചേർന്നു, ഇന്ത്യയാകെ പടരാനിരിക്കുന്ന വർഗ്ഗീയതയുടെയും നവ ഉദാരീകരണത്തിന്റെയും പ്രത്യാഘാതങ്ങളെ എതിരിടാൻ.

കവിതയുടേത് ഒരു രാജ്യത്തിന്റെ മുഴുവൻ അതിജീവന പോരാട്ടങ്ങളുടെ കഥയാണ്.

ഭരണകൂടം മനുഷ്യാവകാശലംഘനം നടത്തുമ്പോൾ അതിനെതിരെ പ്രതിഷേധിക്കേണ്ടതും പൗരന്മാർക്ക് അത് നേടിക്കൊടുക്കേണ്ടതും. പ്രതിബദ്ധതയുള്ള ഒരു സാമൂഹ്യ പ്രവർത്തകയുടെ കടമയാണ് എന്ന് കവിത ശ്രീവാസ്തവ വിശ്വസിക്കുന്നു. 2011 നവംബർ 16 ന് ഞാൻ അവരെ നേരിട്ടു കാണുമ്പോൾ അവർ പി യു സി എൽ എന്ന സംഘടനയുടെ അഖിലേന്ത്യാ സെക്രട്ടറിയായിരുന്നു. 1976 ൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ സംഘടന 1980 ൽ ഇന്നത്തെ രൂപത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ടു.

ഡൽഹിയിലെ ശാദീപൂരിൽ ഗലികളിലൂടെ നടന്ന് പി യു സി എൽ ആപ്പീസിൽ എത്തിയപ്പോൾ കവിത ഞങ്ങളെ കാത്ത് ഇരിക്കുകയായിരുന്നു.

"രാജസ്ഥാനിലെ ഹിൽസ്റ്റേഷനായ മൗണ്ട് അബുവിൽ 1962 മാർച്ച് 9 നാണ് ഞാൻ ജനിച്ചത്. അമ്മ പ്രകാശവതി, അച്ഛൻ കൃപാശങ്കർ ശ്രീവാസ്തവ. ജീവിതത്തിന്റെ ഒരു ഭാഗം മൗണ്ട് അബുവിലും മറ്റൊരു ഭാഗം ജയ്പൂരിലുമാണ് ചെലവഴിച്ചത്. ഇപ്പോൾ ജയ്പൂരിലാണ് താമസം. കുടുംബത്തിൽ എല്ലാവരും സ്ത്രീകൾ ആണെന്നു പറയാം. മുത്തശ്ശി, അമ്മ, അഞ്ച് സഹോദരിമാർ. ആകെയുള്ള പുരുഷൻ അച്ഛൻ മാത്ര


മാണ്. എന്റെ സാംസ്കാരിക ഭൗതിക ചുറ്റുപാടുകൾ എല്ലാം സ്ത്രീകൾ മാത്രമുള്ള ചുറ്റുപാടിൽ ആയിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകളുമായി ചേർന്ന് പ്രവർത്തിക്കാനുള്ള താല്പര്യം വളരെ നേരത്തെ തന്നെ രൂപപ്പെട്ടു. പെൺകുട്ടികൾ മാത്രമുള്ള സ്കൂളുകൾ, കോളേജുകൾ, എല്ലായിടത്തും പെൺകുട്ടികൾ മാത്രം. ആൺകുട്ടികൾ ഭീകര ജീവികൾ ആണെന്നാണ് ഞങ്ങൾക്ക് തോന്നിയിരുന്നത്. ധാരാളം നല്ല സുഹൃത്തുക്കൾ ആൺകുട്ടികൾക്കിടയിൽ ഉണ്ടായിരുന്നു.

യൂണിവേഴ്സിറ്റിയിൽ പെൺകുട്ടികൾക്കു ഇടം ഉണ്ടായിരുന്നില്ല. രാജസ്ഥാൻ യൂണിവേഴ്സിറ്റിയിൽ അങ്ങനെയായിരുന്നു. സ്ത്രീകൾക്ക് ഒരു ഇടം ഉണ്ടാക്കിക്കൊടുക്കാനാണ് എന്റെ ശ്രമങ്ങൾ ഉണ്ടായിട്ടുള്ളത്. സ്ത്രീകൾക്ക് മാത്രമല്ല, മറ്റ് മുറിവേറ്റ ദുർബല വിഭാഗങ്ങൾക്കും, സ്ത്രീകൾക്കു വേണ്ടി പ്രവർത്തിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പഠിച്ചുകൊണ്ടായിരുന്നു എന്റെ തുടക്കം.

അഞ്ച് സഹോദരിമാരാണ് ഞങ്ങൾ. കുംകും ഡോക്ടറാണ്. പൊതു ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നു. എന്റേതിൽനിന്നും വ്യത്യസ്തമാണ് അവരുടെ ആക്ടിവിസം. വളരെ ലളിത ജീവിതമാണ്, വളരെ സ്വതന്ത്ര ബുദ്ധിയാണ്. എന്റെ രണ്ടാമത്തെ സഹോദരിമാത്രമാണ് ഒരു മദ്ധ്യവർഗ്ഗ വീട്ടമ്മയായിട്ടുള്ളത്. അവർ വിവാഹിതയാണ്. ഡോക്ടറാണ്. ഡൽഹിയിൽ താമസിക്കുന്നു. എന്റെ ഏറ്റവും മൂത്ത ചേച്ചിയും ഡോക്ടറാണ്. ശിശുരോഗവിദഗ്ധ. പല ക്ലിനിക്കിലും ജോലി ചെയ്തിരുന്നെങ്കിലും ഇപ്പോൾ ആ രംഗം വിട്ട് പൊതു ആരോഗ്യരംഗത്താണ് പ്രവർത്തിക്കുന്നത്. രണ്ടാമത്തെ ചേച്ചി ഗൈനക്കോളജിസ്റ്റ് ആണ്. മൂന്നാമത്തെ ചേച്ചിയാണ് കോമൾ. അവർ സാക്ഷരത പ്രവർത്തകയാണ്. ബി ജി വി എസിന്റെ ദേശീയ നിർവ്വാഹകസമിതി അംഗമാണ്. ഞാൻ നാലാമത്തേതാണ്. ഞാനും മുഴുവൻ സമയ സാമൂഹ്യപ്രവർത്തകയാണ്. എന്റെ അനിയത്തി പരമ്പരാഗത രീതിയിൽ വിവാഹം ചെയ്ത് കുടുംബമായി ജീവിക്കുന്നു. ഒരു ആർമി ഓഫീസറാണ് ഭർത്താവ്. അദ്ധ്യാപികയായ അവരും ഇപ്പോൾ പൊതുപ്രവർത്തന രംഗത്തേക്ക് വന്നിട്ടുണ്ട്. അവരിപ്പോ മുഖ്യധാര വിദ്യാഭ്യാസരംഗം വിട്ട് അധഃസ്ഥിതരായ കുട്ടികളെ പഠിപ്പിക്കുകയാണ്. പൊതുധാരയിൽനിന്നും വ്യത്യസ്തമായ രീതിയിൽ ഒരു സ്കൂൾ നടത്തുകയാണ്. സ്കൂൾ സമയത്തിനുശേഷം സ്കൂൾ കെട്ടിടത്തിൽ വച്ചുതന്നെ അവർ ഇത്തരം കുട്ടികളെ പഠിപ്പിക്കുന്നു. ഞങ്ങൾ അഞ്ചു സഹോദരിമാർ ഉള്ളതിൽ ഒരാൾ ഒഴിച്ച് ബാക്കി നാലുപേരും വിവിധ മേഖലകളിൽ പൊതുപ്രവർത്തനം ചെയ്യുന്നു. അഞ്ചു വിരലുകളെപ്പോലെ. അങ്ങോട്ടുമിങ്ങോട്ടും യാതൊരു വിമർശനങ്ങളുമില്ലാതെ.

ഞങ്ങൾ നാലുപേരും ഒരു പരിധിവരെ അച്ഛന്റെയും അമ്മയുടെയും കൂടെയാണ്. കുംകുമും കോമളും അവിടെത്തന്നെയാണ് താമസിക്കുന്നത്. ആദ്യം ഞാനും അവിടെത്തന്നെയായിരുന്നു. പിന്നീട് തിരക്കുകൂടിയപ്പോൾ മറ്റൊരു കെട്ടിടം വാടകയ്ക്ക് എടുത്ത് ഓഫീസ് അങ്ങോട്ടുമാറ്റി. ചെറിയ അനിയത്തിയും അടുത്തുതന്നെയുണ്ട്. ഞങ്ങൾക്ക് അഞ്ച് പേർക്കുകൂടി 6 കുട്ടികൾ ഉണ്ട്, 4 പെൺകുട്ടികളും 2 ആൺകുട്ടികളും. അവർ വളരെ സ്വതന്ത്രരാണ്. ഹോം വർക്കിനെക്കുറിച്ചും പരാജയങ്ങളെക്കുറിച്ചും പരിഭ്രമിക്കണ്ട എന്ന് ഞങ്ങൾ അവരോട് പറയാറുണ്ട്. പക്ഷേ, അവരത് വകവയ്ക്കാറില്ല. സഹപാഠികളുടെ സമ്മർദ്ദത്തിലാണവർ. കുട്ടികളൊക്കെ വലുതായി. ഒരാൾ ഡോക്ടറേറ്റ് എടുത്തു. ഒരാൾ ദന്തിസ്റ്റ് ആണ്. •

(പുസ്തകത്തിൽ നിന്ന്)


₹180

ആൺകോയ്മയുടെ അധികാര ഘടനകളെ നിരാകരിച്ചുകൊണ്ട്, ജാതിമത ഭരണകൂട അധികാരസംവിധാനങ്ങളെ നേർക്കുനേർ വെല്ലുവിളിച്ച, സ്വന്തം ജീവിതം കൊണ്ട് ഒരു ജനതയ്ക്കു പ്രചോദനവും ആവേശവുമായ സ്ത്രീരത്നങ്ങളെ ആഴത്തിൽ പരിചയപ്പെടുത്തുന്ന പഠനഗ്രന്ഥം.



# കണ്ണൂർ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി നടന്ന ചിന്ത പുസ്തകോത്സവത്തിൽ റെക്കോർഡ് വിൽപ്പന – 12,11,175 രൂപ

ആശയ പ്രചരണത്തിന്റെ അതുല്യ മാതൃക തീർക്കുകയായിരുന്ന സി പി ഐ എം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി പഴയങ്ങാടിയിൽ നടന്ന ചിന്ത പുസ്തകോത്സവം. ചിന്ത അടക്കം നിരവധി പ്രസാധകരുടെ വൈവിധ്യമാർന്ന പുസ്തകങ്ങൾ ഒരു കുടക്കീഴിൽ വായനക്കാരിലെത്തിക്കാൻ കഴിഞ്ഞു. പുസ്തക വിൽപനയിലും റെക്കാർഡ് നേട്ടം കൈവരിച്ചു. 12, 11, 175 രൂപയുടെ പുസ്തകങ്ങൾ വിറ്റഴിഞ്ഞു. പ്രതിലോമ ആശയങ്ങൾ സമൂഹ മനസിലേക്ക് സന്നിവേശിപ്പിക്കാൻ ബോധപൂർവ്വം ശ്രമം നടക്കുന്ന കാലത്ത് സംസ്കാരിക പ്രതിരോധത്തിന്റെ സാധ്യത തുറന്നിടുന്ന ഒന്നായി പുസ്തകോത്സവം മാറി. •






# കേരളത്തിലെ ആദ്യത്തെ പ്രകൃതി സൗഹൃദ പുസ്തകശാല

## ദേശാഭിമാനി ബുക്ക് ഹൗസ് തമ്പാനൂർ കെഎസ്ആർടി ബസ് ടെർമിനൽ ബ്രാഞ്ച്

ചിന്ത പബ്ളിഷേഴ്സ് ദേശാഭിമാനി ബുക്ക് ഹൗസിന്റെ തമ്പാനൂർ കെ എസ് ആർ ടി ബസ് ടെർമിനൽ ബ്രാഞ്ച് ഉത്ഘാടനവും, ചിന്ത ചർച്ചാ വേദിയുടെ ഉത്ഘാടനവും സിപിഐ(എം) സംസ്ഥാന സെക്രട്ടറി സ: കൊടിയേരി ബാലകൃഷ്ണൻ നിർവ്വഹിച്ചു. ആദ്യ വില്പന ബഹു:ഗതാഗത വകുപ്പ് മന്ത്രി  ആന്റണി രാജു നിർവ്വഹിച്ചു. പാർട്ടി കേന്ദ്ര കമ്മിറ്റിയംഗം സ: വൈക്കം വിശ്വൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സിഐടിയു ജില്ലാ സെക്രട്ടറി സ: സി ജയൻബാബു സ്വാഗതം പറഞ്ഞു. ചിന്ത പബ്ലിഷേഴ്സ് ജനറൽ മാനേജർ കെ ശിവകുമാർ, എഡിറ്റർ കെ എസ് രഞ്ജിത് എന്നിവർ യോഗത്തിൽ സംബന്ധിച്ചു. •

അജ്ഞതയും ദാരിദ്ര്യവും നിരക്ഷരതയും അടിപ്പെടുത്തിയ ആലംബഹീനരായ അധഃസ്ഥിത ജനതയ്ക്ക് ആത്മവീര്യവും ആവേശവും ജീവിതത്തെ സംബന്ധിച്ച പ്രത്യാശയും പ്രദാനംചെയ്യുന്നവയായിരുന്ന സാംബശിവന്റെ കഥാപ്രസംഗങ്ങൾ. സാംബശിവന്റെ കഥ കേൾക്കാൻ മൈലുകൾ താണ്ടി യുവാക്കൾ എത്തുമായിരുന്നു. കാൽനടയായും സൈക്കിളിലും മറ്റും സാംബന്റെ കഥ എവിടെ ഉണ്ടെന്നറിഞ്ഞാലും ഓടിയെത്തുന്ന ആസ്വാദകവൃന്ദം സാംബശിവനെയും ആവേശം കൊള്ളിച്ചു. ജനങ്ങളെ ആവേശം കൊള്ളിക്കാനും രാഷ്ട്രീയ പ്രബുദ്ധരാക്കാനും കർമ്മോത്സുകരാക്കാനും കഥാപ്രസംഗമെന്ന കലാവിദ്യയെ സാംബശിവൻ പ്രയോജനപ്പെടുത്തി. സാഹിത്യകാരൻ, കവി, നടൻ, ഗായകൻ, അദ്ധ്യാപകൻ, ഭാഷാപണ്ഡിതൻ, മാർക്സിസ്റ്റുകാരൻ എന്നീ നിലകളിൽ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട സാംബശിവന്റെ ജീവിതത്തെ അടുത്തറിയുന്നതിനുള്ള ഗ്രന്ഥം.




ജീവിതം

₹190

# ചിന്തയുടെ സഹയാത്രികരും എഴുത്തുകാരുമായ ഡോ. സി ആർ രാജഗോപാലിനും, എസ് രമേശനും ആദരാഞ്ജലികൾ

ഡോ. സി ആർ രാജഗോപാലൻ












എസ് രമേശൻ



## പുതിയ പുസ്തകങ്ങൾ

# അനുഭവം / ജീവിതം




**വാക്കുകൾ കേൾക്കാൻ |**
**ഒരു കാലം വരും**
മധുപാൽ




**ഇലയും പുകയിലയും**
**നടന്നുതീർന്ന വഴികൾ**
പയ്യന്നൂർ കുഞ്ഞിരാമൻ




**ആരോടും**
**പരിഭവലേശമില്ലാതെ**
ടി ആർ അജയൻ




**തനിച്ച് നനഞ്ഞ**
**മഴകൾ**
സുധക്കുട്ടി




# "വൈവാഹിക വിപ്ലവം"

നാടകസംഘം രൂപീകരിച്ച് അതിലൂടെ നടത്തിയ പ്രചാരണം വെറും പ്രചാരണമായി അധികകാലം ഒതുങ്ങിനിന്നില്ല. അതിലടങ്ങിയ സന്ദേശം പ്രവൃത്തിയിൽ വരുത്താനുള്ള സംഘടിത പ്രവർത്തനത്തിനും അത് വഴയൊരുക്കി.

ബഹുഭാര്യാത്വവും വൃദ്ധവിവാഹവും തടയുക; ജ്യേഷ്ഠന്മാരിലേതെങ്കിലുമൊരാൾ അവിവാഹിതനായിരിക്കുകയോ അന്യജാതി സ്ത്രീയെ വിവാഹം ചെയ്തിരിക്കുകയോ ആണെങ്കിൽ അനുജനും സ്വജാതീയ വിവാഹം നിഷിദ്ധമാണെന്ന നിയമം ലംഘിക്കുക; വധൂവരൻമാരുടെ ഇഷ്ടം നോക്കാതെ വിവാഹം നടത്തുന്നത് നിരുത്സാഹപ്പെടുത്തുക-ഇതൊക്കെയാണല്ലൊ നാടകാഭിനയത്തിലൂടെ പ്രചരിപ്പിച്ചിരുന്ന സന്ദേശം.

ഇതെല്ലാം ശരിയാണെന്ന് പറയുന്ന നിരവധി സ്ത്രീപുരുഷൻമാർ; അത് നടപ്പിൽ വരുത്തി സ്വന്തം ജീവിതംതന്നെ അതനുസരിച്ച് ക്രമപ്പെടുത്താൻ തയ്യാറുള്ള ഒരു കൂട്ടം ചെറുപ്പക്കാർ; അവർക്ക് അക്കാര്യത്തിൽ സർവവിധ സഹായങ്ങളും നൽകാൻ തയ്യാറുള്ള കുറേ പ്രമാണിമാർ-ഇവരെ കണ്ടുപിടിക്കാൻ നാടകാഭിനയത്തിന് കഴിഞ്ഞു. ഇതെല്ലാം കൂട്ടിച്ചേർത്ത് അതേവരെ നിഷിദ്ധമായിരുന്ന വിവാഹരീതികൾ നടപ്പിൽവരുത്തുകയും, അതേവരെ സാധുവായി കണക്കാക്കപ്പെട്ടിരുന്നത് തടയുകയും ചെയ്യലാണാവശ്യം.

ഇതിനുള്ള പ്രവർത്തനം ജാഗ്രതയായിത്തുടങ്ങി. നമ്പൂതിരി യുവജനസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു 'വിവാഹ സബ്കമ്മിറ്റി' രൂപീകരിക്കപ്പെട്ടു. അവിവാഹിതരായിരിക്കുന്ന നമ്പൂതിരി യുവാക്കൻമാരെക്കൊണ്ട്-അവരുടെ ജ്യേഷ്ഠൻമാർ അവിവാഹിതരോ അന്യജാതിസ്ത്രീകളുടെ ഭർത്താക്കൻമാരോ ആണെങ്കിൽപ്പോലും - സ്വജാതി കന്യകമാരെ വിവാഹം ചെയ്യിക്കുകയാണ് അതിന്റെ ആദ്യത്തെ പരിപാടി. ജാതക പരിശോധന, മുഹൂർത്തം നിശ്ചയിക്കൽ, വൈദികവിധിയനുസരിച്ചുള്ള വിവാഹകർമം നടത്തൽ മുതലായി യാഥാസ്ഥിതികൻമാർക്കുപോലും എതിർക്കാൻ കഴിയാത്തത്ര വിധിയാംവണ്ണമാണ് ഇതെല്ലാം പ്ലാൻ ചെയ്തത്. എതിർപ്പിന്റെ ശക്തി കഴിയുന്നത്ര കുറക്കുകയാണിതിന്റെ എല്ലാം ഉദ്ദേശ്യം.

ഇതൊക്കെയായിട്ടും എതിർപ്പ് ഇല്ലാതായില്ല. പഴയ ഏർപ്പാട് മാറ്റുമ്പോൾ പലർക്കുമുണ്ടാകുന്ന വൈകാരിക വിഷമം മാത്രമല്ല ഉള്ളത്. പഴയ തലമുറയിൽപ്പെട്ട പലരുടെയും നിക്ഷിപ്തതാൽപ്പര്യങ്ങൾക്കുതന്നെ ഹാനി തട്ടിക്കുന്നൊരു സംരംഭമാണിത്. അന്യജാതിസ്ത്രീകളെ വിവാഹം ചെയ്ത് അതിൽ പെൺമക്കൾ ഉള്ള കാരണവൻമാർ തങ്ങളുടെ ഭാവി ജാമാതാക്കളായി കണ്ടുവച്ചവരാണ് അതൊക്കെ തെറ്റിച്ച് സ്വജാതീയ ബാലികമാരെ വിവാഹം ചെയ്യുന്നത്. പോരെങ്കിൽ കനിഷ്ഠവിവാഹം സർവസാധാരണമായാൽ- ആൺകുട്ടികൾ മുഴുവൻ സ്വജാതീയ ഭാര്യമാരെ സ്വീകരിച്ച് കുടുംബത്തിൽ താമസിക്കാൻ തുടങ്ങിയാൽ-അധികം കഴിയാതെ അവർക്ക് ഭാഗവും കൊടുക്കേണ്ടിവരില്ലേ? അപ്പോൾപ്പിന്നെ അവിഭക്തകുടുംബത്തിൻമേൽ തങ്ങൾക്കുള്ള നിയന്ത്രണം പൊയ്പോവുകയില്ലേ! സർവശക്തിയും ഉപയോഗിച്ച് ഈ പുതിയ സംരംഭത്തെ എതിർക്കാതിരിക്കുന്നതെങ്ങനെ?

പക്ഷേ മറ്റു കാര്യങ്ങളിൽ യാഥാസ്ഥിതികർ ആയവരിൽ ഒരു വിഭാഗമടക്കം വലിയൊരു വിഭാഗം നമ്പൂതിരി സ്ത്രീപുരുഷൻമാർ ഇവരുടെ സ്വാർഥതാൽപര്യങ്ങൾക്കെതിരായിരുന്നു. അതുകൊണ്ട് എല്ലാത്തരം എതിർപ്പുകളെയും നേരിട്ടുകൊണ്ടുതന്നെ തങ്ങളുടെ പരിപാടി നടപ്പിൽ വരുത്താൻ 'വിവാഹ സബ്കമ്മിറ്റി'ക്ക് കഴിഞ്ഞു. പഴയ രീതിയനുസരിച്ച് നോക്കിയാൽ അവിവാഹിതരായിരിക്കേണ്ട നിരവധി യുവാക്കളുടെ സ്വജാതീയ വിവാഹം നാടകാഭിനയം നടക്കുന്നതിനിടക്കുതന്നെ നടക്കുകയുണ്ടായി. അവരിൽ വളരെപ്പേർ പഴയ ചട്ടമനുസരിച്ച് വിവാഹിതരാവാൻ പാടില്ലാത്തവരാണ്.

വി ടി, പാണ്ടം തുടങ്ങിയ യുവനേതാക്കൾ അടക്കം നിരവധി ആളുകളുടെ വിവാഹം നടക്കുന്നത് ഇക്കാലത്താണ്. അതോരോന്നിനും വേണ്ട കൂടിയാലോചനകളും വിവാഹനിശ്ചയവും അവസാനം വിവാഹച്ചടങ്ങുമെല്ലാം സംഘടിപ്പിക്കുന്നതിനുള്ള കേന്ദ്രമാണ് യുവജനസംഘവും ഉണ്ണിനമ്പൂതിരി പത്രവും നാടകാഭിനയസംഘവും എന്നുവന്നു.

ഇങ്ങനെ നടന്ന വിവാഹങ്ങളിൽ രണ്ടെണ്ണം, മാതൃകക്കുവേണ്ടി എടുത്തു പറയുന്നത് രസകരമായിരിക്കും. ജ്യേഷ്ഠൻമാരിൽ അധികവും അന്യജാതി സ്ത്രീകളുടെ ഭർത്താക്കൻമാരാകയാൽ സ്വജാതീയ കന്യകയെ വിവാഹം ചെയ്യാൻ പാടില്ലാത്ത ഒരാളാണ് കുമ്മിണി രാമൻ നമ്പൂതിരി. ഊർജസ്വലനായ ഒരു യുവജനസംഘം പ്രവർത്തകനെന്ന നിലക്ക് പേരെടുത്ത അദ്ദേഹം കുറെക്കാലമായി അവിവാഹിതനായിരിക്കുകയാണ്; സ്വജാതീയ വിവാഹം സാധ്യമാകുന്നതുവരെ അവിവാഹിതനായിരിക്കുമെന്ന് പ്രതിജ്ഞചെയ്തിട്ടുള്ള കൂട്ടത്തിലാണ്. അദ്ദേഹത്തിന്റെ വിവാഹം നിശ്ചയിച്ചു.

കോട്ടയത്തിനടുത്തുള്ള വധൂഗൃഹത്തിലേക്ക് പോകുന്ന വരന്റെ കൂടെ വിദ്യാർഥികളടക്കം പത്തുപത്തു പേർ തൃശ്ശൂരിൽനിന്ന് പോയി. പഴയ ആചാരം ലംഘിച്ചുകൊണ്ടുള്ള ആ വിവാഹത്തിൽ പങ്കെടുത്തവർക്ക് തന്നെ 'ഭ്രഷ്ട'രാക്കപ്പെടുമോ എന്ന ഭയമുണ്ട്. എങ്കിലും അതിനെയെല്ലാം നേരിടാൻ തയ്യാറായിക്കൊണ്ടാണ് പോക്ക്. അതേകാലത്ത് ഇന്ത്യയിലാകമാനം നടന്നു കൊണ്ടിരുന്ന ഉപ്പു സത്യഗ്രഹത്തിൽ പങ്കെടുക്കുന്ന വളണ്ടിയർമാർക്കുള്ള അതേ മനോഭാവം. വിദേശീയ ഗവൺമെന്റിനെ വെല്ലുവിളിക്കുന്നതിനുള്ള ആവേശത്തിനുപകരം ആചാരലംഘനത്തിലുള്ള ആവേശമാണ്; ജയിൽവാസം വരിക്കാനുള്ള സന്നദ്ധതക്കുപകരം 'ഭ്രഷ്ട്' വരിക്കാനുള്ള സന്നദ്ധതയാണ്-ഇതേ വ്യത്യാസമുള്ളൂ. ആ വിവാഹം കഴിഞ്ഞ് മടങ്ങുമ്പോൾ ഞങ്ങൾക്കെല്ലാമുണ്ടായിരുന്ന കൃതാർഥത വിവരിക്കാൻ പ്രയാസമാണ്. •

(ഇ എം എസ് ആത്മകഥയിൽനിന്ന്)

# ദേശാഭിമാനി ബുക്ക്ഹൗസ്

## ബ്രാഞ്ചുകൾ

കണ്ണൂർ : എൻ ജി ഒ യൂണിയൻ ബിൽഡിങ്സ്, കണ്ണൂർ ☎ 04972700477
കണ്ണൂർ : സെൻട്രൽ ബസ്ടെർമിനൽ കോംപ്ലക്സ്, താവക്കര ☎ 04972702400
കോഴിക്കോട് : മാവൂർ റോഡ്, ടി വി എസിനു സമീപം, കോഴിക്കോട് ☎ 04952723528
കോഴിക്കോട് : ഐ ജി റോഡ്, കോർപ്പറേഷൻ ബസ്സ്റ്റേഷൻ, കോഴിക്കോട് ☎ 04952727201
തൃശ്ശൂർ : ദേശാഭിമാനി ബുക്ക് ഹൗസ്, മച്ചിങ്ങൽ ലെയ്ൻ, തൃശ്ശൂർ ☎ 9037352833
തൃശ്ശൂർ : എക്സിബിഷൻ യൂണിറ്റ്, സി പി രമേശൻ, തൃശ്ശൂർ ☎ 9562282676
എറണാകുളം : കെ എസ് ആർ ടി സി ബസ്സ്റ്റേഷൻ, എറണാകുളം ☎ 04842361055
തിരുവനന്തപുരം : കരിമ്പനാൽ സ്റ്റാച്യു അവന്യൂ, തിരുവനന്തപുരം ☎ 9048943555
തിരുവനന്തപുരം : ഹെഡ്ഓഫീസ്, കുന്നുകുഴി റോഡ്, തിരുവനന്തപുരം ☎ 04712303026
തിരുവനന്തപുരം : കെ എസ് ആർ ടി സി ബസ് ടെർമിനൽ, തമ്പാനൂർ ☎ 9048943535

## ഏജൻസികൾ

വയനാട്: പഴയ മുനിസിപ്പൽ ബസ്സ്റ്റാന്റ്, കൽപ്പറ്റ ☎ 953999905 • ചീരാൽ റോഡ്, ചുങ്കം, സുൽത്താൻബത്തേരി ☎ 9447447286 • പാലക്കാട്: സുൽത്താൻപേട്ട ☎ 9447838615 • വൈപ്പിൻ ബസ്സ്റ്റാന്റ്, വൈപ്പിൻ ☎ 9446828332 • നെടുമ്പാശ്ശേരി എയർപോർട്ട്, കൊച്ചി ☎ 9847471671 • കോട്ടയം: പോസ്റ്റാഫീസ് റോഡ്, കോട്ടയം ☎ 8075937583 • തിരുവനന്തപുരം: ഓവർബ്രിഡ്ജ്, തിരുവനന്തപുരം ☎ 9496141638 • ഇ എം എസ് അക്കാദമി തിരുവനന്തപുരം • സാഫല്യം കോംപ്ലക്സ്, പാളയം • കുറ്റനാട് ☎ 9447765993 • കാഞ്ഞങ്ങാട് ☎ 9995948808 • നിലമ്പൂർ ☎ 9447630679 • തൃശ്ശൂർ ☎ 9388987309

## ചിന്ത ബുക്സ് കോർണറുകൾ

പയ്യന്നൂർ: ഡിസംബർ ബുക്സ് ☎ 9847504233 • തലശ്ശേരി: ഓപ്പൺബുക്സ് ☎ 9847503242 • പെരിന്തൽമണ്ണ: ശക്തി ബുക്ക്സ് ☎ 9745533851 • കോട്ടയം: ഗ്രാന്റ് ബുക്സ്, ടി ബി റോഡ് ☎ 04812566800 • ഇടുക്കി: ബുക്സ് കോർണർ, ചെറുതോണി ☎ 9447963226 • പത്തനംതിട്ട: പുസ്തകശാല, പത്തനംതിട്ട ☎ 9447278762 • അഞ്ചപ്പം, റാന്നി ☎ 9745050981 • കടയ്ക്കൽ: എം ആർ എസ് ന്യൂസ് കോർണർ ☎ 9447012462 • കൊല്ലം: ഗ്രന്ഥപ്പുര, ചിന്നക്കട, കൊല്ലം ☎ 9497755727 പുസ്തകവീട്, കരുനാഗപ്പള്ളി ☎ 9447091802 • പുസ്തകസരസ്സ്, പ്രസ് ക്ലബ്ബിന് എതിർവശം, കുന്നുമ്മൽ, മഞ്ചേരി റോഡ്, മലപ്പുറം - 676505 ☎ 6282527443 • പഗോഡ ബുക്ആർട്ട്, കാഞ്ഞിരമറ്റം ബൈപ്പാസ് റോഡ്, ആക്സിസ് ബാങ്കിന് സമീപം, തൊടുപുഴ ☎ 9495495360 • ഫാക്ട് ആന്റ് ഫിക്ഷൻ, മാറ്റൂർ ജംഗ്ഷൻ, കാലടി പി ഒ ☎ 7592858969 • ദർശനം ബുക്സ്, ധനുവച്ചപുരം ☎ 9446967575 • റാഷണൽ ബുക്മാർക്കറ്റ്, പട്ടത്താനം, കൊല്ലം ☎ 9074627416 • സ്കൂൾ മാർട്ട്, ഹൈസ്കൂൾ ജംഗ്ഷൻ, പറക്കോട്, പത്തനംതിട്ട

## അംഗീകൃത ഏജന്റുമാർ

തിരുവനന്തപുരം: ശിവൻ, പത്രമാസിക ഏജന്റ് ☎ 9447262761 • കരുനാഗപ്പള്ളി: തൊടിയൂർ രാധാകൃഷ്ണൻ ☎ 9847015212 • ആലപ്പുഴ: സലിം ഡി ☎ 9496017648, ഷാജി ☎ 9349758047 • ഇടുക്കി: പി പി സുനിൽ അടിമാലി ☎ 9446800706 • തൃശ്ശൂർ: മൊയ്നുദീൻ ☎ 9526486313 ഷെരീഫ് ☎ 7510710703 • പാലക്കാട്: ശശി ☎ 9495502434, കൃഷ്ണകുമാർ ☎ 9447623191 ലളിത ☎ 9656197748 പ്രസാദ് ഒറ്റപ്പാലം ☎ 9567223207 • കോഴിക്കോട്: ശ്രീനിവാസൻ ☎ 9447390280 സജീവൻ മാണിക്കോത്ത് • 9388545700 വാസുദേവൻ ☎ 8086267793 മോഹൻദാസ് ബി വി ☎ 9745489903 നിതിൻമൂടാടി ☎ 9745201535 രവീന്ദ്രൻ ടി എം ☎ 9388960073, നൗഷാദ് • കണ്ണൂർ: രാജേഷ് കെ വി, കണ്ണൂർ ഠൗൺ • 9895025920 സതീഷ്, ബാംഗ്ലൂർ ☎ 9448212262 എബിഫ്രാൻസിസ് ☎ 9633288802

Availableonline: www.chinthapublishers.com | www.pusthakakada.com
www.indulekha.com | www.sparrowbooks.in | www.keralabookstore.com

കേരള ബുക്മാർക്കറ്റിങ് സൊസൈറ്റിയുടെ എല്ലാ പുസ്തകശാഖകളിലും, സി ഐ സി സി ബുക്ക്ഹൗസിലും, ഡിസി ബുക്സിലും മാതൃഭൂമി ബുക്സിലും ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്


## ചിന്ത പബ്ലിഷേഴ്സ്

എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ, തിരുവനന്തപുരം - 695035
(p) 0471 2303026 (e) chinthapublishers@gmail.com (w) www.chinthapublishers.com


കേരള സർക്കാർ
ഒരു നറുക്കെടുപ്പിൽ
5
കോടിപതികളെ സൃഷ്ടിക്കുന്നു
ഭാഗ്യമിത്ര
പ്രതിമാസ ഭാഗ്യക്കുറി
ഒന്നാം സമ്മാനം
₹ 5 കോടി
1 കോടി വീതം 5 പേർക്ക്
രണ്ടാം സമ്മാനം
₹10 ലക്ഷം
COMMON TO ALL SERIES
മൂന്നാം സമ്മാനം
₹16 ലക്ഷം
2 ലക്ഷം വീതം 8 പേർക്ക്
കൂടാതെ
5000,2000
1000,500,300
രൂപയുടെ നിരവധി
സമ്മാനങ്ങൾ
ടിക്കറ്റ് വില
₹100
(FV78.13+28%GST)
നറുക്കെടുപ്പ്
എല്ലാ മാസവും
ആദ്യ ഞായറാഴ്ച
കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം, സുതാര്യം, ജനകീയം

JANUARY - 2022
Date of Publishing: 20/01/2022
Price Rs.10.00

**CHINTHA PUSTHAKAVARTHA**
MONTHLY

RN 71185 / 98
Regd. No:
KL / TV(N) / 553 / 2019-21




**Edited, Printed and Published by M A Baby for Chintha Publishers, Near AKG Centre, Vivekananda Nagar, Vanchiyoor P.O, Thiruvananthapuram - 695 035 at Akshara Offset, TVPM**